
Monthly Price Rs. 4/-

# ബൈബിൾ ട്രൂത്ത്





**രക്ഷ**

ഇതിൽ ഏതാണ് ആവശ്യമില്ലാത്തത്?

**നഷ്ടപ്പെട്ട ആത്മാവ്**

# ദൈവത്തിന്റെ രക്ഷാ ബന്ധം

| | |
|---|---|
| നമ്മുടെ രക്ഷിതാവ് ദൈവം | – 1 തിമൊഥെയൊസ് 4:10; യെശയ്യാവ് 12:2; റോമർ 6:23 |
| ക്രിസ്തു യേശു രക്ഷിക്കുന്നു | – മത്തായി 1:21; എബ്രായർ 5:8–9; തീത്തോസ് 2:11; റോമർ 3:24 |
| പരിശുദ്ധാത്മാവു നമ്മെ രക്ഷിക്കുന്നു | – 1 കൊരിന്ത്യർ 6:11; യോഹന്നാൻ 14:26; 16:7–13 |
| ക്രിസ്തുവിന്റെ രക്തം മുഖാന്തരം രക്ഷിക്കുന്നു | – റോമർ 5:8,9; എബ്രായർ 9:22; എഫെസ്യർ 1:7 |
| അവന്റെ നാമത്തിലാണ് രക്ഷ | – പ്രവൃത്തികൾ 4:12; 10:43; യോഹന്നാൻ 20:30–31 |
| സുവിശേഷത്താൽ രക്ഷിക്കുന്നു | – 1 കൊരിന്ത്യർ 15:1–4; റോമർ 1:16; യാക്കോബ് 1:21 |
| വിശ്വാസത്താൽ രക്ഷ വരുന്നു | – എബ്രായർ 11:6; റോമർ 3:16; പ്രവൃത്തികൾ 16:31 |
| മാനസ്സാന്തരത്തിലൂടെ രക്ഷ | – ലൂക്കൊസ് 13:3; പ്രവൃത്തികൾ 2:38; 11:18 |
| രക്ഷ സ്നാനം മുഖാന്തരം ലഭിക്കുന്നു | – 1 പത്രൊസ് 3:21; മർക്കൊസ് 16:16; പ്രവൃത്തികൾ 2:38 |

**ഇതിനേക്കാൾ ശക്തമായ മറ്റൊരു ബന്ധം രക്ഷക്കില്ല.**

# THE BIBLE TRUTH

**Editors**

**P.K. VARGHESE** **J.C. CHOATE**

000 000 000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 20** **September 2007** **No.6**

## എഡിറ്റോറിയൽ

മനുഷ്യന്റെ സംസ്ക്കാരം ഉയരുകയോ താഴുകയോ എന്ന ചോദ്യം ഇന്നു പ്രസക്തമായതു തന്നെ. ആധുനികതയിലേക്കും പരിഷ്ക്കാരത്തിലേക്കും ധ്രുതഗതിയിൽ നീങ്ങിക്കൊണ്ടിരിക്കയാണല്ലൊ ലൗകിക മനുഷ്യർ. ഈ ലോക ജീവിതം സുഖകരവും അനായാസവും ആക്കുവാനുള്ള വെമ്പലിലാണ് ആളുകൾ. അതു തെറ്റാണെന്ന അഭിപ്രായമല്ല എനിക്കുള്ളത്. പക്ഷെ ഇതിനിടയിൽ അവരിലേക്കു കടന്നു വരുന്ന ചില സ്വഭാവ വൈകല്യങ്ങൾ ദൈവ നിയമത്തെ തള്ളിക്കളയുന്നതാണ് എന്നു പറയാതെവയ്യ. ദൈവം വിലക്കിയിരിക്കുന്ന പല കാര്യങ്ങൾ ഉണ്ട്. നിസാരമെന്നു കരുതി അവയെ തള്ളി കളയുന്നത് ദൈവ സന്നിധിയിൽ നീതീകരിക്കാവുന്നതല്ല. ദൈവത്തിനെതിരായി ചെയ്യുന്ന ഇത്തരം കാര്യങ്ങൾ തെറ്റാണെന്നോ പാപമാണെന്നോ ആളുകൾ തിരിച്ചറിയുകയോ സമ്മതിക്കയോ ചെയ്യുന്നില്ല. അവർ സമ്മതിച്ചാലും ഇല്ലെങ്കിലും ദൈവ ദൃഷ്ടിയിൽ അതു അകൃത്യം തന്നെയാണ്. ചരിത്ര കാലങ്ങളിലും വർത്തമാന കാലത്തിലും ഈ പ്രവണതകൾ എല്ലാ ദേശക്കാരിലും കണ്ടു വരുന്നുണ്ട്.

ജീവന്റെ ഉല്പത്തി ദൈവമാണ്. ഏതൊന്നിനും ജീവൻ ലഭിക്കുന്നതു ദൈവത്തിൽ നിന്നാണ്. സൃഷ്ടിക്കുവാനുള്ള അധികാരം ദൈവത്തിനുള്ളതാണ്. പ്രത്യുല്പാദന ശേഷിയും ദൈവത്തിൽ നിന്നു ലഭിച്ചതാണ്. ആ ഒരറിവ് ഏതൊരു മനുഷ്യനും ആവശ്യമാണ്. ജീവനെ എടുക്കുവാൻ ദൈവത്തിനു മാത്രമെ അധികാരമുള്ളു. പക്ഷെ വിവേകമില്ലാത്ത ചില മനുഷ്യർ മറ്റുള്ളവരെ കൊലപ്പെടുത്താറുണ്ട്. അതിനു പറയാൻ അവർക്കു ധാരാളം

കാര്യകാരണങ്ങൾ ഉണ്ടാകും, എന്തൊക്കെയായാലും അതു തെറ്റുതന്നെയാണ്. ഇനി വേറൊരു വിഭാഗം ആളുകൾ നിരപരാധികളായ ശിശുക്കളെ കൊന്നു കളയുന്നുണ്ട്. അടുത്ത സമയത്തു മെഡിക്കൽ കോളേജ് പരിസരത്തു നിന്നു ഒരു ശിശുവിന്റെ ജഡം പട്ടികൾ കടിച്ചു വലിച്ചു നടക്കുന്നതായി പേപ്പറിൽ വാർത്ത കണ്ടു. ഏതോ സ്ത്രീ പ്രസവിച്ചശേഷം കുഞ്ഞിനെ ജീവനോടെയോ അല്ലാതെയോ ഉപേക്ഷിച്ചു പൊയ്ക്കളഞ്ഞതാണ്. അതിനും അവൾക്കു കാരണം പറയാനുണ്ട്. പക്ഷെ മാതൃത്വ മനസാക്ഷി എന്നത് അവൾക്കില്ലാതെ പോയി. വേറൊരു കൂട്ടം ആളുകൾ ഉണ്ട്. സ്ത്രീകൾ ഗർഭിണികളായി കഴിഞ്ഞാൽ സ്കാൻ ചെയ്യും. കുട്ടി പെണ്ണാണെന്നു മനസ്സിലായാൽ ഗർഭഛിദ്രം നടത്തുകയാണ്. അതായത് ഗർഭസ്ഥ ശിശുവിനെ കൊല്ലുന്നു എന്നർത്ഥം. രണ്ടു പെൺകുഞ്ഞുങ്ങൾ ഉള്ളവർ മൂന്നാമതു ആണിനു വേണ്ടി ഒരു പരീക്ഷണം നടത്താറുണ്ട്. അതും പെണ്ണായി പോയാൽ അതിനെ നശിപ്പിക്കാറുണ്ട്.

മനപ്പൂർവ്വം ഗർഭം അലസിപ്പിക്കൽ, ഗർഭസ്ഥ ശിശുവിനെ ഇല്ലാതാക്കൽ, പ്രസവിച്ചശേഷം കുഞ്ഞിനെ വക വരുത്തൽ എല്ലാം കൊലപാതകത്തിനു തുല്യമാണ്. മക്കൾ ദൈവത്തിന്റെ ദാനവും പ്രതിഫലവുമാണ്. അവരെ നശിപ്പിക്കുന്നതു പരിഷ്ക്കാരമോ സംസ്ക്കാരമോ അല്ല. ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ എല്ലാ പുരുഷന്മാരും സ്ത്രീകളും ദൈവത്തെ ഭയപ്പെട്ട് ദൈവ കല്പനകൾ അനുസരിച്ച് ജീവിക്കണം.

*

## എല്ലാ സഭകളിലും ക്രിസ്ത്യാനികൾ ഉണ്ടോ?

**ജെ.സി.ചോട്ട്**

നാമധേയ സഭാവിഭാഗങ്ങളിൽ എല്ലാം ദൈവ മക്കൾ അഥവാ ക്രിസ്ത്യാനികൾ ഉണ്ടെന്നു ചില ആളുകൾ പറയുകയുണ്ടായി. ബൈബിളിൽ അനേക സഭകൾ ഇല്ല, പിന്നെയോ കർത്താവിന്റെ സഭയായ ഏക സഭ മാത്രമാണുള്ളത് (മത്തായി 16:18). ഈ ഏക സഭയിലേക്കു ആളുകളെ ചേർക്കുന്നതു, മറ്റു സഭകളിൽ

ചേർക്കുന്നില്ല. ഉദാഹരണമായി കർത്താവിന്റെ സഭയിലേക്കുള്ള പ്രവേശനോപാധി അല്ല നാമധേയ വിഭാഗങ്ങളിലേക്കു പ്രവേശിക്കാനുള്ളത്. അതുപോലെ തന്നെ നാമധേയ വിഭാഗങ്ങളിൽ പ്രവേശിക്കുന്നപോലെ തന്നെ നാമധേയ വിഭാഗങ്ങലിൽ പ്രവേശിക്കുന്ന ഉപാധികൾ വെച്ചുകൊണ്ടു ആർക്കും കർത്താവിന്റെ സഭയിൽ പ്രവേശിക്കാവുന്നതല്ല. അതു നാമധേയ വിഭാഗങ്ങളിലും വാസ്തവമാണ്. ഏതെങ്കിലും ഒരു നാമധേയ സഭയിൽ പ്രവേശിക്കുവാനുള്ള നിബന്ധന അനുസരിച്ചതുകൊണ്ടു മറ്റൊരു വിഭാഗത്തിൽ പ്രവേശിക്കാൻ പറ്റുന്നില്ല. ബാപ്റ്റിസ്റ്റ് സഭയിൽ ചേർന്നതുകൊണ്ടു ആർക്കും പെന്തെക്കൊസ്തുകാരനായി തീരാൻ കഴിയുകയില്ല. അംഗത്വത്തിനു ഓരോ സഭക്കും അതിന്റേതായ നിബന്ധനകൾ ഉണ്ട്.

കർത്താവിന്റെ സഭയിൽ അംഗമായി തീർന്ന ഒരാൾ നാമധേയ വിഭാഗത്തിൽ ചേരണമെങ്കിൽ അയാൾ അവിശ്വസ്ഥനായി തീരണം. കർത്താവിന്റെ സഭയിൽ അംഗമായിതീരുന്നതു കർത്താവിനോടും അവന്റെ വചനത്തോടും വിശ്വസ്തത പുലർത്തിക്കൊണ്ടാണല്ലോ കർത്താവിന്റെ സഭയിൽ നിന്നു പിൻമാറി പോകുന്നവരെ നാമധേയ സഭയുടെ നിയമാവലികൾ അനുസരിപ്പിക്കാതെ അംഗത്വം കൊടുക്കുക എന്നതു വിരളമാണ്. ഇതാണ് പൊതുവിലുള്ള തത്വം.

ഏതെങ്കിലും നാമധേയ വിഭാഗത്തിൽ ചേർന്നതുകൊണ്ടു യാദൃശ്ചികമായി കർത്താവിന്റെ സഭയിൽ അവസാനിപ്പിച്ചു എന്നു പറയുന്നതായി ആരെങ്കിലും കേട്ടിട്ടുണ്ടോ? ഏതെങ്കിലും ഒരു സ്ഥാപനത്തിൽ ജോലിക്കു ചേർന്നുകൊണ്ടു മറ്റു സ്ഥാപനത്തിലെ ജോലി അവസാനിപ്പിക്കാൻ പറ്റുമോ? ഒരു കോളേജിലെ പഠനത്തിനായി ഒരു വിദ്യാർത്ഥി പ്രവേശിക്കുന്നതിനുള്ള നിബന്ധനകൾ എല്ലാം പൂർത്തീകരിച്ചു. എന്നാൽ ആ വിദ്യാർത്ഥിക്ക് മറ്റൊരു കോളേജിൽ ഉള്ള പഠനത്തോടെ എങ്ങനെ അവസാനിപ്പിക്കാൻ കഴിയും? അതു അസാദ്ധ്യം തന്നെ. ഒരു വിത്ത് ആരെങ്കിലും നട്ടിട്ടു മറ്റൊരു വിത്തിനായി കാത്തിരിക്കുമോ?

എല്ലാവരും ദൈവത്താൽ ഉപദേശിക്കപ്പെട്ടവർ ആകും എന്നു പ്രവാചക പുസ്തകങ്ങളിൽ എഴുതിയിരിക്കുന്നു. പിതാവിനോടു കേട്ടു പഠിച്ചവർ എല്ലാം എന്റെ അടുക്കൽ വരും

എന്നു കർത്താവു അരുളിച്ചെയ്തിരിക്കുന്നു (യോഹന്നാൻ 6:45). ഒരാൾ എങ്ങനെ ദൈവത്തെ അറിയും? രക്ഷക്ക് എന്തു ചെയ്യണമെന്നും കർത്താവിന്റെ സഭയിലേക്കുള്ള പ്രവേശനം എങ്ങനെ സാധിക്കുമെന്നെല്ലാം എങ്ങനെയാണ് അറിയാൻ കഴിയുന്നത്? ദൈവം തന്റെ വചനത്തിൽ അവയെല്ലാം പ്രതിപാദിച്ചിട്ടുണ്ട്. ദൈവത്തിൽ നിന്നു പഠിച്ചാൽ മാത്രമെ വാസ്തവത്തിൽ ഒരാൾ എങ്ങനെ ദൈവ മകനായി തീരും എന്നു അറിയാൻ കഴിയും. ഒരാൾ എന്തെങ്കിലും വിശ്വസിച്ച് എന്തെങ്കിലും ചെയ്തിട്ട്, രക്ഷപ്പെടുമെന്നും കർത്താവിന്റെ സഭയിൽ ആകുമെന്നും പറഞ്ഞാൽ ദൈവത്തിന്റെ ഉപദേശത്തെ പഠിക്കേണ്ടതിന്റെ ആവശ്യകത ഉദിക്കുന്നില്ല. ദൈവത്തിന്റെ ഹിതം പഠിപ്പിക്കയും അനുസരിക്കയും വേണം എന്നതു മാറ്റമില്ലാത്ത വ്യവസ്ഥയാണ്.

വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു എന്നാണ് അപ്പൊസ്തലനായ പൗലൊസ് പറഞ്ഞത് (റോമർ 10:17). സത്യം നിങ്ങൾ അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും എന്നു ക്രിസ്തു പറഞ്ഞു (യോഹന്നാൻ 8:32). വീണ്ടും കർത്താവു പറയുന്നു: വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊസ് 16:16). രക്ഷിക്കപ്പെടുന്നവരെ കർത്താവു സഭയിലേക്കു ചേർക്കുകയും ചെയ്യും (പ്രവൃത്തി 2:47).

വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ല എന്നു ക്രിസ്തു നമ്മെ പഠിപ്പിക്കുന്നു (യോഹന്നാൻ 3:5). ഒരാളെ ക്രിസ്തുവിൽ ആക്കി തീർക്കുന്നതിനും സഭയിൽ ആക്കുന്നതിനും ഉള്ള നിബന്ധനയാണ് പുതിയ ജനനം. ഇവിടെ വെള്ളം എന്നു പറഞ്ഞിരിക്കുന്നതു സ്നാനത്തെ കുറിക്കുന്നു. വെള്ളത്തിൽ പഴയ മനുഷ്യനെ അടക്കുകയും ഒരു പുതിയ മനുഷ്യനായി പുറത്തു വരികയും ചെയ്യുന്നു. ഇവിടെ പറഞ്ഞിരിക്കുന്ന രാജ്യം സഭയാണ്. റോമർ 6-ാം അദ്ധ്യായം, ഗലാത്യർ 3:26-27; 2 കൊരിന്ത്യർ 5:17 എന്നീവാക്യങ്ങൾ വായിക്കുക. ജലസ്നാനത്താൽ ദൈവം നമ്മുടെ പാപങ്ങൾ കഴുകി കളയുന്നു. അങ്ങനെ ക്രിസ്തുവിൽ ആകയും പുതിയ സൃഷ്ടികളാകുന്നതോടെ ദൈവ മക്കൾ ആകുകയും ചെയ്യുന്നു.

പ്രവൃത്തി 2:47–ൽ രക്ഷിക്കപ്പെടുന്നവരെ കർത്താവു തന്റെ സഭയോടു ചേർക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇവയെല്ലാം സംഭവിക്കണമെങ്കിൽ ഒരാൾ കർത്താവിന്റെ ഉപദേശം പഠിക്കയും ദൈവത്തിന്റെ ഇഷ്ടം മനസിലാക്കി അനുസരിക്കയും വേണം. രക്ഷിക്കപ്പെടുവാനുള്ള ദൈവ വ്യവസ്ഥ അറിയാത്തൊരാൾ എങ്ങനെ രക്ഷിക്കപ്പെടും? കർത്താവിന്റെ സഭയിൽ അംഗമാകുന്നതെങ്ങനെ എന്നു അറിയാതെ ഒരാൾക്കു എങ്ങനെ കർത്താവിന്റെ സഭയിൽ അംഗമായി തീരാൻ കഴിയും? രക്ഷിക്കപ്പെടുവാൻ ഒരാൾ എന്തു ചെയ്യണമെന്നുള്ള ദൈവേഷ്ടം മനസിലാക്കിയാൽ, കർത്താവിന്റെ സഭയിൽ അംഗമായി തീരുന്നതെങ്ങനെ എന്നു തിരുവെഴുത്തിൽ നിന്നു ഗ്രഹിച്ചാൽ അയാൾ രക്ഷിക്കപ്പെടുവാനുള്ള കർത്താവിന്റെ കല്പനകൾ പ്രമാണിക്കുന്നു. അപ്പോൾ ആ വ്യക്തിയെ കർത്താവ് തന്റെ സഭയോടു ചേർക്കുന്നു. അയാൾ പിന്നെ നാമധേയ വിഭാഗത്തിൽ അംഗമായി തീരുകയില്ല. അങ്ങനെ ചെയ്താൽ കർത്താവിന്റെ സഭയിലെ അംഗത്വം നഷ്ടമാകും. ഇതു സാമാന്യബുദ്ധിയുള്ള ആർക്കും ചിന്തിച്ചാൽ മനസിലാകും.

പുതിയ നിയമത്തിലെ പ്രവൃത്തികളുടെ പുസ്തകത്തിലാണ് പരിവർത്തനങ്ങളെ പ്രതിപാദിച്ചിരിക്കുന്നത്. അതിൽ എല്ലാം ആളുകൾ സുവിശേഷം കേട്ടു പഠിക്കയും അതിനു ശേഷം കർത്താവിനെ അനുസരിക്കയും ചെയ്തു. അപ്പോൾ അവരെ കർത്താവ് തന്റെ സഭയിൽ ചേർക്കുകയും ചെയ്തു. കർത്താവിനു ഒരേ ഒരു സഭ മാത്രമാണുള്ളത്. അതുകൊണ്ട് കർത്താവു രക്ഷിക്കപ്പെടുന്നവരെ ആ സഭയിലേക്കു മാത്രമെ ചേർക്കയുള്ളു.

ആരാണ് യഥാർത്ഥത്തിൽ ദൈവേഷ്ടം കേട്ടു പഠിച്ച് അനുസരിച്ചതെന്നു കർത്താവിനറിയാം. കാരണം രക്ഷിക്കുന്നതും സഭയിലേക്കു ആളുകളെ ചേർക്കുന്നതും ക്രിസ്തുവാണ്. മനുഷ്യർക്കു ന്യായവാദങ്ങൾ ഉന്നയിക്കാമെന്നു മാത്രം. അതുകൊണ്ടു വലിയ ഫലമില്ല. കർത്താവിന്റെ കല്പനകൾ പിതാവിന്റെ ഇഷ്ടപ്രകാരം കൈക്കൊണ്ടവരെ കർത്താവിന് അറിയാം, അല്ലാത്തവരേയും അവനു വ്യക്തമായി അറിയാം.

★

# ഏലിയാ പ്രവാചകൻ

## ഡബ്ലിയു.എ.ഹൊളെ

അവൻ അക്കരെ കടന്നശേഷം ഏലിയാവ് ഏലീശയോടു; ഞാൻ നിങ്കൽ നിന്നു എടുത്തുകൊള്ളപ്പെടും മുമ്പെ ഞാൻ നിനക്കു എന്തു ചെയ്തു തരേണം? ചോദിച്ചുകൊൾക എന്നു പറഞ്ഞു. അതിനു ഏലീശാ: നിന്റെ ആത്മാവിൽ ഇരട്ടി പങ്കു എന്റെ മേൽ വരുമാറാകട്ടെ എന്നു പറഞ്ഞു അതിനു അവൻ നീ പ്രയാസമുള്ള കാര്യമാകുന്നു ചോദിച്ചത്; ഞാൻ നിങ്കൽ നിന്നു എടുത്തുകൊള്ളപ്പെടുമ്പോൾ നീ എന്നെ കാണുന്നുവെങ്കിൽ നിനക്കു അങ്ങനെ ഉണ്ടാകും; അല്ലെന്നു വരികിൽ ഉണ്ടാകയില്ല എന്നു പറഞ്ഞു. അവർ സംസാരിച്ചുകൊണ്ടു നടക്കുമ്പോൾ അഗ്നി രഥവും അഗ്നി അശ്വങ്ങളും വന്നു അവരെ തമ്മിൽ വേർപിരിച്ചു. അങ്ങനെ ഏലിയാവു ചുഴലിക്കാറ്റിൽ സ്വർഗ്ഗത്തിലേക്കു കയറി. ഏലിശാ അതു കണ്ടിട്ടു; എന്റെ പിതാവേ, എന്റെ പിതാവേ, എന്റെ പിതാവേ, യിസ്രായേലിന്റെ തേരും തേരാളികളും എന്നു നിലവിളിച്ചു, പിന്നെ അവനെ കണ്ടില്ല; അപ്പോൾ അവൻ തന്റെ വസ്ത്രം പിടിച്ചു രണ്ടു ഖണ്ഡമായി കീറിക്കളഞ്ഞു (2 രാജാക്കന്മാർ 2:9–12).

മഹാ പ്രവാചകന്മാരിൽ ഒരാളായിരുന്നു ഏലിയാവ്. അവൻ പരുപരുത്ത ഒട്ടക രോമം കൊണ്ടുള്ള വസ്ത്രമാണ് ധരിച്ചിരുന്നത്. അതിനെ തോൽകൊണ്ടു അരയിൽ കെട്ടിമുറുക്കിയിരുന്നു. വലിയ വിഷമ ഘട്ടങ്ങളിൽ പെട്ടെന്നു പ്രത്യക്ഷനാവുന്നതിൽ പ്രസിദ്ധനായിരുന്നു ഏലിയാവ്. ബാലിനെ സേവിക്കുന്നതിൽ മുഖ്യ പങ്കു വഹിച്ചിരുന്ന ഇസബേലിന്മേൽ വലിയൊരു വിജയം കൈവരിക്കാൻ അവനു കഴിഞ്ഞിരുന്നു (1 രാജാക്കന്മാർ 18 വായിക്കുക). ഏലിയാവു പ്രവചിച്ചതുപോലെ ദേശത്തു മൂന്നു വർഷം വരൾച്ചയുണ്ടായി (യാക്കോബ് 5:17; 1 രാജാക്കന്മാർ 18:1–10). മരിച്ചവനെ ഉയിർപ്പിച്ചവനായിരുന്നു ഏലിയാവ് (1 രാജാക്കന്മാർ 17:17–24).

നൂറ്റാണ്ടുകൾക്കു ശേഷം ഏലിയാവിന്റെ ആത്മാവിന്റെ ശക്തിയോടും ധൈര്യത്തോടും കൂടെയാണ് യോഹന്നാൻ സ്നാപകൻ വരുന്നത് (ലൂക്കൊസ് 1:17). യോഹന്നാൻ സ്നാപകൻ ഏലിയാവിന്റെ പുനരവതാരമായിരുന്നില്ല. പിന്നെയോ വരുവാനുള്ള

ഏലിയാവ് എന്നതു സൂചിപ്പിക്കുന്നത്, ഏലിയാവിന്റെ ആത്മാവിന്റെ അതേ പ്രവർത്തന രീതി എന്നർത്ഥം (മത്തായി 11:145; 17:10–13; മർക്കൊസ് 4:11–13; മലാഖി 4:5). യോഹന്നാൻ സ്നാപകന്റെ വസ്ത്രധാരണവും ജീവിതവും മാനസാന്തര സന്ദേശവും ഏലിയാവിന്റേതുമായി താരതമ്യം ചെയ്യാം. ഏലിയാവിന്റെ സ്വഭാവ വിശേഷതകൾ എന്തെല്ലാമായിരുന്നു? നമുക്ക് പരിശോധിക്കാം.

1. എടുത്തു പറയേണ്ട ധൈര്യശാലിയായിരുന്നു അവൻ. ഇസബേൽ രാജ്ഞിയുടെ ക്രൂരമായ ഉപദ്രവങ്ങളെ അവൻ അനുവദിച്ചു കൊടുത്തില്ല. ബാലിന്റെ പ്രവാചകന്മാരെ പരസ്യമായി നേരിടുന്നതിനു അവൻ വെല്ലുവിളിച്ചു (1 രാജാക്കന്മാർ 18:17–40). ഇസബേൽ ദൈവത്തിന്റെ പ്രവാചകന്മാരെ കൊല്ലുകയുണ്ടായി (1 രാജാക്കന്മാർ 18:13; 2 രാജാക്കന്മാർ 9:7).
ദൈവത്തിന്റെ സത്യത്തെ മുറുകെ പിടിക്കുന്നതിൽ ഏലിയാവ് ഭയപ്പെട്ടിരുന്നില്ല (1 രാജാക്കന്മാർ 18:21–40). ബാലിന്റെ 450 പ്രവാചകന്മാർക്കെതിരെ ഏലിയാവ് ഒറ്റക്ക് എതിർത്തു. എതിർപ്പുകളുടെ മദ്ധ്യേ സത്യത്തെ പ്രതിരോധിക്കേണ്ടിയിരുന്നു (ഫിലിപ്പിയർ 1:7; 17).

✶

## സഭയുടെ സംഘടന

### ഗ്യാരി.സി.ഹാമ്ടൺ

മതപരമായ ഒരു കൂട്ടത്തെ മറ്റു കൂട്ടങ്ങളിൽ നിന്നും വേർതിരിച്ചു നിർത്തുന്ന സ്വഭാവമാണ് അതിന്റെ സംഘടന. ഓരോ വിഭാഗത്തിനും പ്രാദേശികവും ദേശീയവുമായ സമീപനം വ്യത്യസ്തമാണ്. ഉദാഹരണമായി പറഞ്ഞാൽ നസ്റേൻ സഭക്കു ഒരു പ്രതിനിധി ഭരണ രീതിയാണുള്ളത്. അവരുട സംഗ്രഹ ഗ്രന്ഥത്തിൽ പറയുന്നത്: ഞങ്ങൾ ചെയ്യുന്നതു, സഭക്കു ഒരു മേലധികാരി ആവശ്യമാണെന്നും, സ്ഥാപിക്കപ്പെട്ട സഭയെ ശ്രദ്ധയോടെ കെട്ടുറുപ്പോടെ നടത്തുക, എവിടെയെല്ലാം സഭകൾ സംഘടിപ്പിക്കണോ, അവയെ എല്ലാം പ്രോത്സാഹിപ്പിക്കയും ചെയ്യുക എന്നതാണ് അദ്ദേഹത്തിന്റെ കടമ എന്നും സമ്മതിച്ചിരിക്കുന്നു.

കത്തോലിക്കാ സഭയുടെ പരമാധികാരം മേലദ്ധ്യക്ഷനായ പോപ്പിൽ നിക്ഷിപ്തമാണ്. മറ്റു പ്രൊട്ടസ്റ്റന്റ് വിഭാഗങ്ങൾക്കെല്ലാം അതിന്റെ ഭരണ സംവിധാനങ്ങളാണുള്ളതു. ബിഷപ്പുമാർ, പാസ്റ്റർമാർ തുടങ്ങിയ രീതിയിൽ അറിയപ്പെടുന്ന മേലധികാരികൾ അവരുടെ സഭകളെ നിയന്ത്രിക്കയും ഭരിക്കയും ചെയ്യുന്നു. ഓരോന്നിനും പ്രത്യേക നിയമാവലികളും ഉണ്ട്. മാനുഷിക സിദ്ധാന്തങ്ങൾ അനുസരിക്കുന്ന നയ സമീപനങ്ങൾ എടുത്തിരിക്കുന്നതുകൊണ്ടാണ് ഇവക്കെല്ലാം വെവ്വേറെ ഭരണക്രമം കാണപ്പെടുന്നത്. എന്നാൽ നാം ചിന്തിക്കേണ്ട ഗൗരവമേറിയ കാര്യങ്ങൾ പലരും വിട്ടുകളയുന്നതായിട്ടാണ് അനുഭവപ്പെടുന്നത്. മതപരമായ കാര്യങ്ങളിൽ ഉള്ള അജ്ഞത ഒരു ഭാഗത്ത്. ഇങ്ങനെയൊക്കെ മതി എന്ന തോന്നൽ വേറൊരു ഭാഗത്ത്. ഇതാണ് ഇന്നത്തെ ബാധിച്ചിരിക്കുന്ന രോഗം. ശരിയായ രീതിയിൽ ചികിൽസ നടത്തിയില്ലെങ്കിൽ അവസാനം പരിഹാരം തന്നെ അപ്രാപ്യമാകും. ദൈവം അരുളിചെയ്തിരിക്കുന്ന സംവിധാനം ശ്രദ്ധിക്കുക.

## ക്രിസ്തുവാണ് സഭയുടെ തല

സഭയെ സ്ഥാപിക്കുമെന്നു പറഞ്ഞത് ക്രിസ്തുവാണ് (മത്തായി 16:18). യേശുവിന്റെ ഉയിർപ്പിനും സ്വർഗ്ഗാരോഹണത്തിനും ശേഷം അവന്റെ പിതാവിന്റെ സിംഹാസനത്തിലിരുത്തി കർത്താവും ക്രിസ്തുവുമാക്കി വെച്ചു. തന്മൂലം അവൻ സഭയുടെ തലയായി തീർന്നു. "എല്ലാ വാഴ്ച്ചക്കും അധികാരത്തിനും ശക്തിക്കും കർത്തൃത്വത്തിനും ഈ ലോകത്തിൽ മാത്രമല്ല, വരുവാനുള്ളതിലും വിളിക്കപ്പെടുന്ന സകല നാമത്തിനും അത്യന്തം മീതെ ഇരുത്തുകയും സർവ്വവും അവന്റെ കാൽകീഴാക്കി വെച്ചു അവനെ സർവ്വത്തിനും മീതെ തലയാക്കി എല്ലാറ്റിലും എല്ലാം നിറെക്കുന്നവന്റെ നിറവായിരിക്കുന്ന അവന്റെ ശരീരമായ സഭെക്കു കൊടുക്കുകയും ചെയ്തിരിക്കുന്നു (എഫെസ്യർ 1:21-23). ആകാശത്തിലും ഭൂമിയിലും സകല അധികാരവും യേശുവിനു നല്കിയിരിക്കുന്നു. ഏക കർത്താവുമാണ് ഉള്ളത്. കർത്താവ് എന്നു പറഞ്ഞാൽ ഭരിക്കുന്നവൻ എന്നാണർത്ഥം. യേശുക്രിസ്തുവാണ് സഭയുടെ അധിപൻ. സഭയെ ഭരിക്കുവാൻ ക്രിസ്തു ഉള്ളപ്പോൾ മറ്റൊരു

മാനുഷിക തലയുടെ ആവശ്യമില്ല അങ്ങനെ ചെയ്താൽ അതു ദൈവത്തിന്റെ അധികാരത്തെ നാം കയ്യിലെടുക്കുന്നതായി വരും. അതിനു ദൈവം ആരെയും അനുവദിക്കുന്നില്ല.

കർത്താവാണ് രക്ഷിക്കപ്പെടുന്നവരെ തന്റെ സഭയോടു ചേർക്കുന്നത് (പ്രവൃത്തി 2:47). അംഗത്വം വോട്ടിനിട്ടു തീരുമാനിക്കയോ, കമ്മിറ്റി തീരുമാനിക്കയോ ചെയ്തിട്ടല്ല ലഭിക്കുന്നത്. അതു ലോകത്തിലുള്ള എല്ലാവർക്കുമായി തുറന്നുവച്ചിരിക്കുന്നു (മർക്കൊസ് 16:15-16; റോമർ 1:16). തിരുവെഴുത്തിൽ സഭ എന്ന വാക്കു പ്രാദേശികമായ അർത്ഥത്തിലും സാർവ്വദേശീയമായ അർത്ഥത്തിലും ഉപയോഗിച്ചിട്ടുണ്ട്. ഇതു രണ്ടും ക്രിസ്തുവിന്റെ അധികാരത്തെ മാനിച്ച് അനുസരിച്ചവരും രക്ഷിക്കപ്പെട്ടവരും ആണ്. നാമധേയ വിഭാഗങ്ങൾ ബൈബിളിനു അന്യമാണ്. ദൈവ മനസിൽ ഉണ്ടായതും ഇപ്പോൾ ഉള്ളതും സഭയാണ്. അത് ഏതെങ്കിലും ഒരു പ്രദേശത്തുള്ളതായാലും ലോകത്തിൽ എല്ലാ സ്ഥലങ്ങളിലുമുള്ള മൊത്തത്തിലുള്ള സഭയായാലും ശരി, പിതാവിന്റെ ഇഷ്ടം ചെയ്തു ജീവിക്കുന്നവരാണ് അവർ (റോമർ 16:16; 1 കൊരിന്ത്യർ 1:2; 1 തെസലൊനിക്യർ 1:1; ഗലാത്യർ 1:2). എല്ലാവരും ഏക വിശ്വാസത്തിലും ഏക രക്ഷാ പദ്ധതിയിലും ഒതുങ്ങി നിൽക്കുന്നുവെങ്കിൽ കർത്താവാകുന്ന തലക്കു കീഴ്പ്പെട്ടിരിക്കും. ദൈവം ആഗ്രഹിക്കുന്നതു മറ്റൊന്നല്ല.

## പ്രാദേശിക സഭയുടെ സംഘടന

ക്രിസ്തുവിന്റെ ശിഷ്യന്മാരുടെ കടമയാണ് സുവിശേഷം സർവ്വ മനുഷ്യരോടും അറിയിക്ക എന്നത്. സുവിശേഷം അനുസരിക്കുന്നവരെ കർത്താവ് രക്ഷിക്കുകയും സഭയോടു ചേർക്കുകയും ചെയ്യുന്നു. അവർ ക്രിസ്തുവിന്റെ അധികാരത്തിൻ കീഴിൽ ആയിരിക്കണം. പുതിയ നിയമത്തിൽ ക്രിസ്തു പ്രഖ്യാപിച്ചിരിക്കുന്ന സംഘടിപ്പിക്കൽ ആയിരിക്കണം സഭക്ക് വേണ്ടത്. പുതിയ നിയമം ആരംഭിച്ച സമയത്ത് അപ്പൊസ്തലന്മാരും പ്രാരംഭ ക്രിസ്ത്യാനികളും ക്രിസ്തുവിന് കീഴ്പ്പെട്ടിരുന്നു. യെരുശലേമിലും യെഹൂദ്യയിലും ഉണ്ടായിരുന്ന സഭ അങ്ങനെ തന്നെയായിരുന്നു (പ്രവൃത്തി 6:1-4). പിന്നീട് വളരെ കാലം

കഴിയുന്നതിന് മുൻപ് മൂപ്പന്മാരെ അഥവാ അദ്ധ്യക്ഷന്മാരെ നിയമിച്ചതായും നാം കാണുന്നുണ്ട് (പ്രവൃത്തി 11:27-30).

*

## വീണ്ടും സ്നാനം ആർക്ക്?

### ഫ്രാൻസിസ് ഡേവിഡ്

ആകയാൽ നിങ്ങൾ പുറപ്പെട്ടു സകല ജാതികളെയും ശിഷ്യന്മാരാക്കികൊൾവിൻ എന്നു യേശു തന്റെ ശിഷ്യന്മാരോടു കല്പിച്ചു (മത്തായി 28:19). ഇതിനെ കർത്താവിന്റെ മഹത്തായ കല്പന എന്നു വിളിക്കുന്നു. ഒരു ദേശത്തിനോ ഒരു ജാതിക്കോ മാത്രമായിട്ടല്ല യേശുവിന്റെ സന്ദേശം നല്കപ്പെട്ടത്. എല്ലാ ജാതിക്കാർക്കും എല്ലാ ദേശക്കാർക്കും ആണ്. സുവിശേഷം സർവ്വലൗകികമാണ്. കർത്താവു വന്നതു ലോകത്തിന്റെ മുഴുവൻ രക്ഷകനായിട്ടാണ്. അവർ മരിച്ചതു സർവ്വ മനുഷ്യർക്കും വേണ്ടിയായിരുന്നു.

നാം തിരുവെഴുത്തു വായിക്കുമ്പോൾ സത്യം കേട്ടു പഠിക്കുന്നതും ശരിയായി പ്രതികരിക്കുന്നതും ആയ ആളുകളെ സ്നാനപ്പെടുത്തുവാനും യേശു അവരോടു ആജ്ഞാപിക്കയുണ്ടായി. സ്നാനം ഏറ്റ ശേഷവും അവർ കർത്താവിന്റെ മറ്റു കല്പനകൾ പ്രമാണിക്കേണ്ടിയിരുന്നു. ആദ്യമായി ആരെയാണ് സ്നാനം കഴിപ്പിക്കേണ്ടത് എന്നു ചോദിച്ചേക്കാം. എങ്കിലേ വീണ്ടും സ്നാനത്തിന്റെ കാര്യം നോക്കിയാൽ ശരിയാകയുള്ളൂ.

വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു എന്നത്രെ തിരുവെഴുത്തു പറയുന്നത്. സ്ത്രീയായാലും പുരുഷനായാലും ഒരാളെ നാം വചനം പഠിപ്പിക്കുമ്പോൾ അയാൾക്കു സത്യം ബോധ്യമാകുന്നു. അതായത് ആ വ്യക്തി സത്യം വിശ്വസിച്ചു എന്നർത്ഥം. അങ്ങനെ സത്യം വിശ്വസിച്ച ഒരാൾക്കാണ് സ്നാനം ആവശ്യം. ക്രിസ്തു ദൈവ പുത്രനാണെന്ന സത്യമാണ് ഒരാൾ വിശ്വസിക്കേണ്ടത്. അതിനുള്ള തെളിവുകൾ ധാരാളം വചനത്തിലുണ്ട്. അത്തരം ഉദാഹരണങ്ങൾ

അപ്പൊസ്തല പ്രവൃത്തികളിൽ ഉണ്ട്. അതിൽ ഒന്നാണ് ഷണ്ഡന്റെ അനുസരണം. ഫിലിപ്പൊസ് എന്ന സുവിശേഷകൻ ഷണ്ഡനോടു ക്രിസ്തുവിനെ കുറിച്ച് പൊരുൾ തിരിച്ചു കൊടുത്തു. അതു മനസിലാക്കിയ ഷണ്ഡൻ വെള്ളം കണ്ടപ്പോൾ സ്നാനം ഏൽക്കുവാൻ എനിക്ക് എന്താണ് തടസം എന്നു ചോദിച്ചു. നീ പൂർണ്ണ ഹൃദയത്തോടെ വിശ്വസിക്കുന്നു എങ്കിൽ ആകാം എന്നു ഫിലിപ്പൊസ് പറഞ്ഞു. ഇരുവരും വെള്ളത്തിൽ ഇറങ്ങി ഫിലിപ്പൊസ് ഷണ്ഡനെ സ്നാനം കഴിപ്പിച്ചു. വിശ്വാസത്തെ അനുസരണത്തിൽ കൊണ്ടു വരുന്നതാണ് സ്നാനം (പ്രവൃത്തി 8:35-38).

സ്നാനം ഏല്ക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തി മാനസാന്തരപ്പെടണം. മാനസാന്തരപ്പെട്ടില്ലെങ്കിൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും എന്നു കർത്താവു അരുളിച്ചെയ്തു (ലൂക്കൊസ് 13:3). മാനസാന്തരം എന്നാൽ വഴി മാറൽ എന്നർത്ഥം. തെറ്റായ വഴി വിട്ടു ശരിയായ വഴിയിലേക്കു മാറണം. പെന്തെകൊസ്തു നാളിൽ യഹൂദന്മാരോടു മാനസാന്തരപ്പെട്ടു സ്നാനമേൽക്കുവാനാണ് പ്രബോധിപ്പിച്ചത് (പ്രവൃത്തി 2:38). ആകയാൽ സ്നാനം ഏല്ക്കുന്നതിനു മുൻപ് ഏതൊരാളും മാനസാന്തരപ്പെട്ടിരിക്കണം. എന്നാൽ ചിലർ ഇതിൽ നിന്നു വ്യത്യസ്തമായി കാണുന്നുണ്ട്. ഒരാൾ വ്യഭിചാരത്തിൽ ജീവിക്കുന്നു എന്നു വിചാരിക്കുക. അയാൾ തന്റെ ജീവിതത്തിനു മാറ്റമുണ്ടാകാതെ സ്നാനം ഏല്ക്കുകയാണെങ്കിൽ മാനസാന്തരപ്പെടാതെയാണ് സ്നാനം ഏല്ക്കുന്നത്. മാനസാന്തരപ്പെട്ട ഒരാൾ പുതിയ സൃഷ്ടിയായി തീരുന്നു. കാരണം അയാൾ തന്റെ കഴിഞ്ഞകാല ദുഷ്യ വശങ്ങളെ എല്ലാം വിട്ടുകളയുന്നു. സകല അശുദ്ധിയും ദുർന്നടപ്പും, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ഈർഷ്യ, മദ്യപാനം, വെറിക്കൂത്ത്, കുല, അസൂയ എന്നിവ എല്ലാം ഉപേക്ഷിച്ചില്ലെങ്കിൽ മാത്രമെ മാനസാന്തരം ആകുന്നുള്ളു. എങ്കിലേ സ്നാനം ഏല്ക്കുമ്പോൾ സകല പാപങ്ങളും കഴുകി കളയുകയുള്ളൂ (പ്രവൃത്തി 22:16).

ക്രിസ്തുവിനെ കൂടാതെയുള്ളവർക്കാണ് സ്നാനം ആവശ്യം. ഒരാൾ വചനത്തിൽ പറഞ്ഞിട്ടുള്ള സ്നാനം ഏറ്റില്ലെങ്കിൽ അയാൾ ക്രിസ്തുവിനെ കൂടാതെയുള്ള ആളാണ്. ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും

ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു എന്നാണ് ബൈബിൾ പറയുന്നതു (ഗലാത്യർ 3:27). ക്രിസ്തുവിനെ ധരിക്കുവാനും ക്രിസ്തുവിനോടു ചേരുവാനും സ്നാനം എന്ന കല്പന അനുസരിക്കണം. ക്രിസ്തുവിലാകണമെങ്കിൽ ഈ നിബന്ധന അനുസരിക്കണം. ക്രിസ്തുവിന്റെ ശരീരത്തോടു ചേർക്കപ്പെടണമെങ്കിൽ ഒരാൾ രക്ഷിക്കപ്പെടണം. രക്ഷിക്കപ്പെടുവാനുള്ള ഒരു കല്പനയാണ് സ്നാനം (മർക്കൊസ് 16:16). അപ്പൊസ്തലനായ പത്രൊസും ഇതു സ്ഥിരീകരിക്കുന്നുണ്ട്. സ്നാനം ജഡത്തിന്റെ അഴുക്കു കളയുന്നതിനായിട്ടല്ല, ദൈവത്തോടുള്ള നല്ല മനസാക്ഷിക്കായി നമ്മെ രക്ഷിക്കുന്നു (1 പത്രൊസ് 3:21).

നിങ്ങൾ ബൈബിളിൽ പറഞ്ഞിരിക്കുന്നതുപോലെയാണോ സ്നാനം ഏറ്റത്? ബൈബിളിൽ ഐക്യതയെ സംബന്ധിച്ച് വിവരിക്കുമ്പോൾ സ്നാനം ഒന്നു എന്നു പറഞ്ഞിട്ടുണ്ട് (എഫെസ്യർ 4:4). ഒരു പക്ഷെ നിങ്ങൾ സ്നാനപ്പെട്ടിരിക്കാം. പക്ഷെ അതു ശരിയായ അറിവോടെയായിരിക്കയില്ല. കർത്താവിന്റെ സഭയെ കുറിച്ച് നിങ്ങൾ കേട്ടിട്ടുപോലും കാണുകയില്ല. യഥാർത്ഥമായി യേശു പണിതതാണ് സഭയും ഒന്നു മാത്രമെയുള്ളു എന്നു തിരുവെഴുത്ത് തെളിയിക്കുന്നു (മത്തായി 16:18; എഫെസ്യർ 4;4-5; എഫെസ്യർ 1:22). കർത്താവ് പഠിപ്പിച്ചിട്ടുള്ള വഴി നിങ്ങൾ പരിശോധിച്ച് കണ്ടെത്തുവാനാണ് ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നത്. നിങ്ങൾക്കു കർത്താവിന്റെ ശരീരമാകുന്ന ഏക സഭയിലേക്കു പ്രവേശിക്കണമെങ്കിൽ മറ്റൊരു വഴിയുമില്ല. നിങ്ങൾ അടുത്തുള്ള ക്രിസ്തുവിന്റെ സഭ (ചർച്ച് ഓഫ് ക്രൈസ്റ്റ്) കണ്ടെത്തുക. അവർ നിങ്ങളെ വചന പ്രകാരമുള്ള സ്നാനം ഏല്ക്കുവാൻ സഹായിക്കും. പാപ ശരീരത്തെ വെള്ളമാകുന്ന കല്ലറയിൽ പൂർണ്ണമായി അടക്കം ചെയ്താൽ മാത്രമെ പുതിയ മനുഷ്യനായി ഉയിർക്കപ്പെടുകയുള്ളു (റോമർ 6:3-4; 1 കൊരിന്ത്യർ 2:12).

ഒരിക്കൽ തെറ്റായി സ്നാനം ഏറ്റതുകൊണ്ടു അതു മതി എന്നു വിചാരിക്കരുത്. കാരണം അതു ദൈവ കല്പനയല്ല. നിലവിലുള്ള നിയമമാകുന്ന പുതിയ നിയമത്തിൽ യേശുക്രിസ്തു കല്പിച്ച രീതിയിൽ വേണം സ്നാനമേല്ക്കുവാൻ. എങ്കിലേ ദൈവത്തിന്റെ ആത്മാവു നിങ്ങൾക്കു ലഭിക്കുകയുള്ളു (പ്രവൃത്തി

19:1-8). ദൈവ കല്പനയെ മാറ്റുവാൻ ആർക്കും അധികാരമില്ല. അതു അങ്ങനെ തന്നെ ചെയ്യുകയാണ് മനുഷ്യൻ ചെയ്യേണ്ടത്. നാം ചെയ്യുന്നത് ദൈവത്തെ പ്രസാദിപ്പിക്കാനും ദൈംവം ഉദ്ദേശിച്ച ഫലം ലഭിക്കാനും ആണെങ്കിൽ ദൈവം അരുളിച്ചെയ്തതു അങ്ങനെ തന്നെ ചെയ്യണം. നിങ്ങൾ അങ്ങനെ ചെയ്താൽ നിങ്ങൾ വാസ്തവത്തിൽ ദൈവത്തിന്റെ മകൻ എന്ന അവകാശത്തിലേക്കു മാറും.

## നാം കൊടുക്കേണ്ട കടം

**ജോണി രാംസെ**

നിങ്ങളുടെ സമ്മതം നോക്കാതെ നിങ്ങളുടെ ആത്മാവിനെ കൂട്ടിക്കൊണ്ടുപോയി അടിമയാക്കി വെക്കുന്നതിനെ കുറിച്ച് ഒന്നു ഊഹിച്ചു നോക്കുക. അതു നമുക്കു സുഖകരമായ ഒരു ചിത്രമല്ല തരുന്നത്. എന്നാൽ അനേകരുടെ ആത്മീയ അവസ്ഥ ഇതാണെന്നു തെളിയിക്കുന്നു. നമ്മെ തട്ടിക്കൊണ്ടുപോയതു സാത്താനും അടിമയാക്കിയതു പാപത്തിനും ആണ് (റോമർ 7:13-14). എന്നാൽ ദൈവ പുത്രനായ യേശു വന്നു നമ്മെ വീണ്ടെടുക്കുന്നതിനു വില കൊടുത്തു. എല്ലാവർക്കും വേണ്ടി അവൻ തന്നെത്തന്നെ മറ്റുവിലയായി നല്കി (1 തിമൊഥെയോസ് 2:6). ദൈവ ശക്തിയാൽ അവൻ കല്ലറയിൽ നിന്നു ഉയിർത്തെഴുന്നേറ്റു. അവൻ ദൈവ പുത്രൻ എന്നു തെളിയിക്കപ്പെട്ടു (റോമർ 1:4). യേശുവിന്റെ മരണവും ഉയിർപ്പും നമ്മെ അടിമത്വത്തിൽ നിന്നുമോചിപ്പിച്ചു (എഫെസ്യർ 4:8). അങ്ങനെ സാത്താനു മരണത്തിന്മേൽ ഉണ്ടായിരുന്ന ശക്തി കർത്താവു ഇല്ലാതാക്കി (എബ്രായർ 2:14).

### നമ്മുടെ പാപങ്ങൾക്കുള്ള പ്രായശ്ചിത്തമാണ് ക്രിസ്തു

"എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ ഞാൻ ഇതു നിങ്ങൾക്കു എഴുതുന്നു. ഒരുത്തൻ പാപം ചെയ്തു എങ്കിലോ, നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്കു പിതാവിന്റെ അടുക്കൽ ഉണ്ടു. അവൻ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുന്നു; നമ്മുടേതിനു മാത്രമല്ല, സർവ്വലോകത്തിന്റെ

പാപത്തിനും തന്നേ (1 യോഹന്നാൻ 2:1-2). അവൻ നീതിമാന്
ആകുന്നു. പാപം ചെയ്യുന്നവൻ പിശാചിന്റെ മകൻ ആകുന്നു. പിശാച്
ആദി മുതൽ പാപം ചെയ്യുന്നുവല്ലൊ. പിശാചിന്റെ പ്രവർത്തികളെ
അഴിപ്പാൻ തന്നേ മനുഷ്യ പുത്രൻ പ്രത്യക്ഷനായി (1 യോഹന്നാൻ
3:8).

ബലവാന്റെ വീട്ടിൽ കടന്നുചെന്നു അവന്റെ സാധനങ്ങളെ നശിപ്പിച്ചുകൊണ്ടു നമ്മുടെ രക്ഷകൻ സാത്താന്റെ മേൽ വിജയം നേടി (മത്തായി 12:29). ലോകത്തിലുള്ളതിനേക്കാൾ നമ്മിലുള്ള ദൈവ ശക്തി വലുതാകയാൽ കഴിഞ്ഞതെല്ലാം നീക്കി കളഞ്ഞു നമ്മുടെ സൃഷ്ടാവിനോടു പുനഃസമാധാനത്തിലേർപ്പെടുവാൻ കഴിഞ്ഞു (1 യോഹന്നാൻ 4:4). ഇപ്പോൾ നമുക്ക് കർത്താവിന്റെ കൈ പിടിച്ച് അവനോടു കൂടെ നടക്കാം (കൊലൊസ്സ്യർ 1:10). യേശുവിനോടു ഒരിക്കൽ ശത്രുത പുലർത്തിയിരുന്ന പൗലൊസ് സുവിശേഷം അനുസരിച്ചപ്പോൾ അവന്റെ പാപങ്ങൾ കഴുകി കളഞ്ഞു (പ്രവൃത്തി 22:16). പാപ ഭാരവും മത്സര സ്വഭാവവും അവനിൽ നിന്ന് മാഞ്ഞുപോയി. തേജസേറിയ യേശുവിന്റെ രക്തത്തിന്റെ ശക്തി തർസൊസുകാരൻ ശൗലിനു ദൈവ ഭവനത്തിലേക്ക് പ്രവേശിക്കുവാനുള്ള ഒരു പാലമായി തീർന്നു (1 തിമൊഥെയൊസ് 1:12-15).

ദൈവം മനുഷ്യനെ നോക്കുമ്പോൾ ക്രിസ്തുവിനെ കൂടാതെയാണെങ്കിൽ മനുഷ്യനിൽ അഭംഗി വെളിപ്പെടുന്നു. മുമ്പെ നാമും ബുദ്ധി കേട്ടവരും അനുസരണമില്ലാത്തവരും വഴി തെറ്റി നടക്കുന്നവരും നാനാ മോഹങ്ങൾക്കും ഭോഗങ്ങൾക്കും അധീനരും ഈർഷ്യയിലും അസൂയയിലും കാലം കഴിച്ചവരും ദ്വേഷിതരും അന്യോന്യം പകെക്കുന്നവരും ആയിരുന്നുവല്ലൊ (തീത്തൊസ് 3:3). എന്നാൽ അതുകൊണ്ടുണ്ടായ ദുഃഖവും ഭാരവും നീങ്ങി പോകുവാനിടയായത് ക്രിസ്തു നമ്മെ വീണ്ടെടുത്തപ്പോഴാണ്. സ്വർഗ്ഗീയ പിതാവിന്റെ കരുണയും കൃപയും ആണ് അത് സാദ്ധ്യമാക്കി തീർത്തത്: അവൻ നമ്മെ നാം ചെയ്ത നീതി പ്രവൃത്തികളാലല്ല, തന്റെ കരുണ പ്രകാരമത്രെ രക്ഷിച്ചത് (തീത്തൊസ് 3:5). തന്റെ കൃപയാൽ നമ്മെ രക്ഷിക്കുന്നു. ഇവ രണ്ടിനും നമുക്ക് അർഹതയില്ല. ദൈവത്തിന്റെ കരുണയും കൃപയും ഇല്ലായിരുന്നെങ്കിൽ നമ്മുടെ സ്ഥിതി പരിതാപകരമാവുമായിരുന്നു.

## യേശുവിന്റെ രക്തത്താൽ നമ്മെ വിലയ്ക്കു വാങ്ങി

ഇതെഴുതിയ അപ്പൊസ്തലനായ പൗലൊസ് നമ്മുടെ മനസിനെ ഉണർത്തുന്നു. ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ നിങ്ങളുടെ ശരീരം കൊണ്ടു ദൈവത്തെ മഹത്വപ്പെടുത്തുവിൻ (1 കൊരിന്ത്യർ 6:19-20). ക്രിസ്തു വലിയ വില കൊടുത്തു നമ്മെ വാങ്ങിയിരിക്കകൊണ്ടു നാം നമുക്കുള്ളവരല്ല. സാത്താന്റെ ആധിപത്യത്തിൽ നിന്നാണ് യേശു നമ്മെ വിലകൊടുത്തു വാങ്ങിയത്.

എല്ലാം നഷ്ടപ്പെട്ടു നിരാശയിൽ കഴിഞ്ഞിരുന്നപ്പോഴാണ് ദൈവത്തിന്റെ മനസലിവു നാം അറിഞ്ഞത്. നമ്മുടെ ആത്മാക്കളെ നഷ്ടപ്പെടുത്തിയത് പിശാചാണ്. എന്നാൽ ദൈവത്തിനു നമ്മിൽ തോന്നിയ അനുകമ്പ നിമിത്തം നമുക്കു വരേണ്ടിയിരുന്ന നാശം ഒഴിവാക്കി. ആരും നശിച്ചു പോകുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. സത്യത്തിന്റെ പരിജ്ഞാനവും എല്ലാവർക്കും ഉണ്ടാകണമെന്നു ദൈവം ആഗ്രഹിക്കുന്നു (1 തിമൊഥെയോസ് 2:4). നമ്മെ വീണ്ടെടുത്തപ്പോൾ നാം സ്വതന്ത്രരായി തീർന്നു. ഇപ്പോൾ നാം സർവ്വ ശക്തനായ രാജാവിന്റെ മക്കൾ ആയി തീർന്നു.

✷

## മഹത്തായ ആജ്ഞയിലെ 'എല്ലാം'

**ക്ലെം തർമാൻ**

യേശു അടുത്തു ചെന്നു: സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചത് ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ടു സകല ജാതികളേയും ശിഷ്യരാക്കി കൊൾവിൻ; ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടുകൂടെ ഉണ്ട് എന്നു

അരുളിച്ചെയ്തു (മത്തായി 28:18-20). രണ്ടു മാസത്തോളം അപ്പൊസ്തലന്മാർ വളരെ പ്രയാസപ്പെട്ടുകൊണ്ടിരുന്നു. യെരുശലേമിൽ വെച്ച് യെഹൂദന്മാരാൽ താൻ കൊല്ലപ്പെടും എന്നു ക്രിസ്തു അവരോടു പറഞ്ഞു. അവർക്കതു മനസിലാകാതിരുന്നതുകൊണ്ടു അവർക്കു അതു സ്വീകരിപ്പാൻ കഴിഞ്ഞില്ല. പക്ഷെ അതു സംഭവിക്കുന്നത് അവർ കണ്ടു. താൻ മൂന്നാം നാൾ ഉയിർത്തെഴുന്നേല്ക്കും എന്നു കൂടെ അവൻ അവരോടു പറഞ്ഞിരുന്നു (മത്തായി 20:19). അതും അവർക്കു മനസിലായില്ല. എങ്കിലും അതു സംഭവിച്ചു. അതിനു അവർ സാക്ഷികളായി തീർന്നു. ഇപ്പോൾ യേശു അവരെ എല്ലാം ഒരുമിച്ചു കുട്ടി, താൻ അവരെ വിട്ടു സ്വർഗ്ഗത്തിലേക്കു പോകുന്നു എന്നു വിവരിച്ചു പറഞ്ഞു (യോഹന്നാൻ 14:1-6). ഈ അപ്പൊസ്തലന്മാരിൽ അവൻ കൊടുത്ത മഹത്തായ ആജ്ഞ എത്ര മാത്രം സ്വാധീനം ചെലുത്താൻ കഴിഞ്ഞു എന്നു നിങ്ങൾക്കു ഊഹിക്കാമോ?

യേശു അപ്പൊസ്തലന്മാരെ വിട്ടു പിരിയുമ്പോൾ അവൻ വീണ്ടും അവർക്കു സഹായി ആയിരിക്കുമെന്നു ഉറപ്പു കൊടുത്തു. എങ്കിലും പിതാവ് എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നിങ്ങൾക്കു സകലവും ഉപദേശിച്ചു തരികയും ഞാൻ നിങ്ങളോടു പറഞ്ഞതു ഒക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും (യോഹന്നാൻ 14:26). സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും എന്നും ഓർപ്പിച്ചു (യോഹന്നാൻ 16:13). ഈ ഒരു നടത്തിപ്പ് ഉണ്ടാകുമെന്നുള്ളതുകൊണ്ടാണ് യേശു അവരോടു: നിങ്ങളുടെ വാക്കു കേൾക്കുന്നവൻ എന്റെ വാക്കു കേൾക്കുന്നു; നിങ്ങളെ തള്ളുന്നവൻ എന്നെ തള്ളുന്നു; എന്നെ തള്ളുന്നവൻ എന്നെ അയച്ചവനെ തള്ളുന്നു എന്നു പറഞ്ഞതു (ലൂക്കൊസ് 10:16). പരിശുദ്ധാത്മാവ് അപ്പൊസ്തലന്മാരിൽ വന്നപ്പോൾ അവർ ദൈവിക കാര്യങ്ങൾ സംസാരിക്കാൻ തുടങ്ങി. പിന്നീട് അവർ ദൈവത്തിന്റെ വചനം എഴുതുകയും ചെയ്തു (പ്രവൃത്തി 2:1-4; 1 തെസലൊനിക്യർ 2:13).

**സകല അധികാരവും യേശുവിന് നല്കി**

മഹത്തായ കല്പനയിലെ ആദ്യത്തെ "എല്ലാം" എന്നതു

യേശുവിനു നല്കിയ അധികാരത്തെ കുറിക്കുന്നതിനു ഉപയോഗിച്ചിരുന്നു. യേശു പറഞ്ഞു: സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു. യേശു ഈ ഭൂമിയിലേക്കു വരുന്നതിനു മുൻപ് ദൈവം പണ്ടു ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും ജനത്തോടു സംസാരിച്ചിരുന്നു (എബ്രായർ 1:1). ഇപ്പോൾ ഒരു മാറ്റം വന്നിരിക്കുന്നു. ഈ അന്ത്യകാലത്തു പുത്രൻ മുഖാന്തരം ദൈവം നമ്മോടു സംസാരിക്കുന്നു (എബ്രായർ 1:2). ഈ സത്യത്തെ ചിത്രീകരിച്ചിരിക്കുന്ന ഒരു പ്രധാനപ്പെട്ട സംഭവം മത്തായി 17:1-5 വരെയുള്ള ഭാഗങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. യേശു പത്രൊസിനെയും യാക്കോബിനെയും അവന്റെ സഹോദരനായ യോഹന്നാനെയും കൂട്ടി തനിച്ചു ഒരു ഉയർന്ന മലയിലേക്കു കൊണ്ടു പോയി, അവരുടെ മുമ്പാകെ രൂപാന്തരപ്പെട്ടു. അവന്റെ മുഖം സൂര്യനെപോലെ ശോഭിച്ചു അവന്റെ വസ്ത്രം വെളിച്ചം പോലെ വെള്ളയായി തീർന്നു. മോശെയും ഏലിയാവും അവനോടു സംഭാഷിക്കുന്നതായി അവർ കണ്ടു. അപ്പോൾ പത്രൊസ് യേശുവിനോടു; കർത്താവേ, നാം ഇവിടെ ഇരിക്കുന്നതു നന്നു; നിനക്കു സമ്മതമെങ്കിൽ ഞാൻ ഇവിടെ മൂന്നു കുടിൽ ഉണ്ടാക്കാം. ഒന്നു നിനക്കും ഒന്നു മോശെക്കും ഒന്നു ഏലിയാവിനും എന്നു പറഞ്ഞു. അവൻ പറയുമ്പോൾ തന്നെ പ്രകാശമുള്ളോരു മേഘം അവരുടെ മേൽ നിഴലിട്ടു മേഘത്തിൽ നിന്നു: ഇവൻ എന്റെ പ്രിയ പുത്രൻ, ഇവങ്കൽ ഞാൻ പ്രസാദിക്കുന്നു. ഇവനു ചെവി കൊടുപ്പിൻ എന്നു ഒരു ശബ്ദം ഉണ്ടായി. ഒരുകാലത്ത് മോശെയിൽ കൂടെയും ഏലിയാവിൽ കൂടെയും ദൈവം സംസാരിച്ചിരുന്നു. പക്ഷെ ഇപ്പോൾ അതിനു മാറ്റം വന്നു.

പിതാവ് ആരെയും ന്യായം വിധിക്കാതെ, എല്ലാവരും പുത്രനെ ബഹുമാനിക്കേണ്ടതിനു ന്യായം വിധിക്കാനുള്ള അധികാരം പുത്രനു കൊടുത്തിരിക്കുന്നു (യോഹന്നാൻ 5:22-24). യേശു യെഹൂദന്മാരോടു അരുളിച്ചെയ്തതാണിത്. ഞാൻ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങി വന്നിരിക്കുന്നു എന്നും തന്റെ ഇഷ്ടമല്ല, എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്‌വാനത്രെ വന്നിരിക്കുന്നതെന്നും യേശു അവരോട് പറഞ്ഞു (യോഹന്നാൻ 6:38). അശുദ്ധാത്മാക്കളെ പുറത്താക്കിയും രോഗികളെ സൗഖ്യമാക്കിയും കൊണ്ടു യേശു തന്റെ ശക്തി പ്രദർശിപ്പിക്കയും ചെയ്തു (മർക്കൊസ് 1:32-34).

കുരുടർക്കു അവൻ കാഴ്ച്ചകൊടുത്തു (യോഹന്നാൻ 9:1-7). ചെകിടർക്കു കേൾവി പ്രദാനം ചെയ്തു (മർക്കൊസ് 7:32-37). കുഷ്ഠരോഗികളെ സൗഖ്യമാക്കി (ലൂക്കൊസ് 17:11-14). മരിച്ചവരെ പോലും അവൻ ഉയിർപ്പിച്ചു (ലൂക്കൊസ് 7:11-17; യോഹന്നാൻ 11:17-46). ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നതല്ലാതെ അനേകം അത്ഭുതങ്ങളും അടയാളങ്ങളും യേശു തന്റെ ശിഷ്യന്മാർ കാൺകെ ചെയ്തു. എന്നാൽ യേശു, ദൈവ പുത്രനായ ക്രിസ്തു ആണെന്നു നിങ്ങൾ വിശ്വസിക്കേണ്ടതിനും വിശ്വസിച്ചിട്ടു അവന്റെ നാമത്തിൽ നിത്യജീവൻ ഉണ്ടാകേണ്ടതിനും അത്രേ ഇത് എഴുതിയിരിക്കുന്നത് (യോഹന്നാൻ 20:30-31).

## എല്ലാവരും സുവിശേഷം കേൾക്കണം

യേശുവിന്റെ ശിഷ്യന്മാർ ആദ്യം ഇസ്രായേലിലെ കാണാതായ ആടുകളെ അന്വേഷിച്ചിറങ്ങി (മത്തായി 10:5-6). ഇപ്പോൾ മഹത്തായ ആജ്ഞ വിസ്തീർണ്ണ പരിധിക്കപ്പുറം പോകുന്നു. സർവ്വലോകത്തിലും സകല ജാതികളോടും സുവിശേഷം പ്രസംഗിക്കണം (മർക്കൊസ് 16:15-16). മാനസാന്തരവും പാപമോചനവും എല്ലായിടത്തും പ്രസംഗിക്കണം (ലൂക്കൊസ് 24:47). കാരണം എല്ലാവരും പാപികളാണ്. പാപത്തിന്റെ ശമ്പളം മരണമാണ് (റോമർ 3:23; 6:23). രക്ഷക്കുള്ള സുവിശേഷമെന്ന സുവാർത്തയാണ് അപ്പൊസ്തലന്മാർ സകല സൃഷ്ടികളോടും അറിയിച്ചു വന്നത് (കൊലൊസ്യർ 1:18-21; റോമർ 1:16). ആത്മാക്കളെ രക്ഷിപ്പാൻ ശക്തിയുള്ളത് വചനത്തിനു മാത്രം (യാക്കോബ് 1:21).

## എല്ലാവരും വിശ്വസിക്കയും സ്നാനം ഏല്ക്കുകയും വേണം

ശിഷ്യന്മാരാകുക എന്നതിൽ യേശുവിനോടു ചേരുവാനുള്ള സ്നാനപ്പെടുത്തൽ കൂടെ ഉൾപ്പെട്ടിരിക്കുന്നു (മത്തായി 28:18-19). ഓരോ മനുഷ്യനും സുവിശേഷം കേൾക്കുകയും വിശ്വസിക്കുകയും വേണം (റോമർ 10:17; മർക്കൊസ് 16:16). മാനസാന്തരപ്പെട്ടു പാപമോചനത്തിനായി സ്നാനം ഏല്ക്കുകയും വേണം (പ്രവൃത്തി 2:37-38). സ്നാനം മനുഷ്യരെ രക്ഷിക്കുമോ എന്നു സംശയിക്കുന്നവർ

ഉണ്ട്. പക്ഷെ കർത്താവാണ് കല്പിച്ചിരിക്കുന്നത് (1 പത്രൊസ് 3:21).

★

## യേശു സ്നാനം ഏറ്റത് എന്തിന്

### ജേസൺ റോബെർട്ട്സ്

വേദ പുസ്തകത്തിൽ പ്രസ്താവിച്ചിട്ടുള്ള കല്പനകളിൽ ചിലതു ആളുകൾ അവഗണിക്കുകയോ, അതിനെ മാറ്റുകയോ ചെയ്തിരിക്കയാണ്. അതിലൊന്നാണ് സ്നാനം. യേശുവിന്റെ സ്നാനത്തെ സംബന്ധിച്ച് ബൈബിൾ പറയുന്നതു ശ്രദ്ധിക്കുക. "അനന്തരം യേശു യോഹന്നാനാൽ സ്നാനം ഏല്ക്കുവാൻ ഗലീലയിൽ നിന്നു യോർദാൻകരെ അവന്റെ അടുക്കൽ വന്നു. യോഹന്നാനോ അവനെ വിലക്കി; നിന്നാൽ സ്നാനം ഏല്ക്കുവാൻ എനിക്കു ആവശ്യം; പിന്നെ നീ എന്റെ അടുക്കൽ വരുന്നുവോ എന്നു പറഞ്ഞു. യേശു അവനോടു: ഇപ്പോൾ സമ്മതിക്ക; ഇങ്ങനെ സകല നീതിയും നിവർത്തിക്കുന്നത് നമുക്കു ഉചിതം എന്നു ഉത്തരം പറഞ്ഞു. എന്നാറെ അവൻ അവനെ സമ്മതിച്ചു" (മത്തായി 13:13-15). ഇങ്ങനെയായിരുന്നു യേശു സ്നാനം ഏറ്റത്.

സ്നാനം പാപമോചനത്തിനു വേണ്ടിയുള്ളതാണ് എന്നു നമുക്കറിയാം. പക്ഷെ യേശു പാപം ഒന്നും ചെയ്തിട്ടില്ലല്ലോ. പിന്നെ അവൻ എന്തിനാണ് സ്നാനം ഏല്ക്കുവാൻ തയ്യാറായത്? (പ്രവൃത്തി 2:38;22:16). അവൻ പാപം ഒന്നും ചെയ്തിട്ടില്ല, അവന്റെ വായിൽ വഞ്ചന ഒന്നും ഉണ്ടായിരുന്നില്ല എന്നു തിരുവെഴുത്തു സാക്ഷ്യപ്പെടുത്തുന്നു (1 പത്രൊസ് 2:22). അവൻ നമ്മെപോലെ സകലത്തിലും പരീക്ഷിക്കപ്പെട്ടു. എന്നാൽ യേശു പാപം കൂടാതെ ജീവിച്ചു ആവശ്യമില്ലാത്ത ഒരു കാര്യമാണോ മനുഷ്യ പുത്രൻ ചെയ്തത്? ഒരിക്കലും അല്ല. നിലവിലുള്ള നിയമം അനുസരിക്കുവാൻ എല്ലാവരും ബാദ്ധ്യസ്ഥരാണ്. യേശു ഈ ലോകത്തിൽ വന്നതു പിതാവിന്റെ ഇഷ്ടം നിറവേറ്റുവാനാണ്. ദൈവത്തിനു പ്രസാദകരമായതു മാത്രം ചെയ്തുകൊണ്ട് ദൈവത്തിനു പുകഴ്ച്ച കൊടുക്കുകയായിരുന്നു അവന്റെ ലക്ഷ്യം. യേശു പറയുന്നത്: "എന്നെ അയച്ചവൻ എന്നോടു കൂടെയുണ്ട്, ഞാൻ എല്ലായ്പ്പോഴും അവനു പ്രസാദമുള്ളത് ചെയ്യുന്നതുകൊണ്ടു അവൻ എന്നെ

ഏകനായി വിട്ടില്ല എന്നു പറഞ്ഞു". ലോകരക്ഷിതാവായി വന്ന യേശു ക്രിസ്തുവിന്റെ പ്രവർത്തികൾ എല്ലാം ലോകത്തുള്ള മനുഷ്യർ വീക്ഷിക്കും. ജനങ്ങൾക്കു അനുകരിക്കേണ്ട മാതൃകയാണ് അവൻ ലോകത്തിനു കാണിച്ചു കൊടുത്തത്.

താൻ സ്നാനമേല്ക്കുന്നത് എന്തിനാണെന്നു ക്രിസ്തു വ്യക്തമാക്കുന്നുണ്ട്. നിന്നാൽ സ്നാനമേൽക്കുവാൻ എനിക്കാവശ്യം എന്നു യോഹന്നാൻ അവനോടു പറഞ്ഞപ്പോൾ അതു വെളിപ്പെടുത്തി. "ഇപ്പോൾ സമ്മതിക്ക ഇങ്ങനെ സകല നീതിയും നിവർത്തിക്കപ്പെടേണ്ടതാകുന്നു നിറവേറ്റേണ്ട പല കാര്യങ്ങൾ അവനിൽ ഉണ്ടായിരുന്നു. ദൈവ നീതിയുടെ പൂർത്തീകരണം നമുക്ക് അവനിൽ കാണാം. അവൻ ന്യായപ്രമാണത്തെ നീക്കുവാൻ വന്നു എന്നു തെറ്റിദ്ധരിച്ച യെഹൂദന്മാരോട് പറഞ്ഞതു: ഞാൻ ന്യായപ്രമാണത്തെ നീക്കുവാൻ വന്നു എന്നു നിരൂപിക്കരുത്. നീക്കുവാനല്ല നിവർത്തിപ്പാനത്രേ ഞാൻ വന്നതു എന്നാണ് (മത്തായി 5:17). ഈ ഭൂമിയിൽ ജനിച്ചതു മുതൽ യേശുവിന്റെ മരണം വരെ എല്ലാ നീതിയും രണ്ടും രണ്ടാണ് എന്നു നാം ഓർക്കണം. ദൈവഹിതമാണ് ദൈവത്തിന്റെ നീതി. അതു എല്ലാവരും മനസിലാക്കിയാൽ കാര്യങ്ങൾ എളുപ്പമാണ്. ആത്മിയ വിവേചനം നടത്തുവാൻ ദൈവാത്മാവിന്റെ സഹായം ആവശ്യമാണ്.

നീതി എന്നു പറയുന്നത് ദൈവ സന്നിധിയിൽ അവനു ശരിയായിട്ടുള്ളതാണ്. നീതി ചെയ്യുന്നവൻ നീതിയാൽ ജീവിക്കും എന്നു എഴുതിയിരിക്കുന്നു (1 യോഹന്നാൻ 3:7). അതു അനുസരണത്തെ സൂചിപ്പിക്കുന്നു. ദൈവത്തെ അനുസരിക്കാത്തവനു നീതി എന്ത് എന്ന് അറിയാൻ പറ്റുന്നില്ല. മനുഷ്യരുടെ വിലയിരുത്തലുകൾ പോരായ്മയുള്ളതാകകൊണ്ട് മനുഷ്യർക്ക് ആർക്കും സ്വയമായി നീതിമാൻ ആകാൻ സാദ്ധ്യമല്ല. ദൈവം ചെയ്യുവാൻ പറഞ്ഞിരിക്കുന്ന നീതി ചെയ്യുമ്പോൾ അവൻ നീതിമാനായി ദൈവം കണക്കിടുന്നു. കർത്താവായ യേശുവിനെ കുറിച്ച് പ്രവചിച്ച പ്രവാചകൻ പ്രവചിച്ചത് "അവന്റെ പ്രാണൻ ഒരു അകൃത്യയാഗമായി തീർന്നിട്ടു അവൻ സന്തതിയെ കാണുകയും ദീർഘായുസു പ്രാപിക്കയും യഹോവയുടെ ഇഷ്ടം അവന്റെ കയ്യാൽ സാധിക്കയും ചെയ്യും. അവൻ തന്റെ പ്രയത്നഫലം കണ്ടു തൃപ്തനാകും. നീതിമാനായ എന്റെ ദാസൻ തന്റെ പരിജ്ഞാനം

കൊണ്ടു പലരേയും നീതീകരിക്കും. അവരുടെ അകൃത്യങ്ങൾ അവൻ വഹിക്കും (യെശയ്യാവ് 53:10-11). മനുഷ്യരെ ദൈവത്തോടു നിരപ്പിക്കുന്ന ദൈവ നീതിയുടെ ശുശ്രൂഷയായിരുന്നു അവൻ ഏറ്റെടുത്തു നിർവ്വഹിച്ചത്.

തന്റെ തന്നെ മരണത്തെ മുന്നറിയിച്ചുകൊണ്ടു അപ്പൊസ്തലനായിരുന്ന പൗലൊസ് പറയുന്നതു കേൾക്കുക. "ഞാനോ ഇപ്പോൾ തന്നെ പാനീയയാഗമായി ഒഴിക്കപ്പെടുന്നു; എന്റെ നിര്യാണ കാലവും അടുത്തിരിക്കുന്നു. ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികെച്ചു, വിശ്വാസം കാത്തു, ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു. അതു നീതിയുള്ള ന്യായാധിപതി ആയ കർത്താവ് ആ ദിവസത്തിൽ എനിക്കു നല്കും. എനിക്കു മാത്രമല്ല, അവന്റെ പ്രത്യക്ഷതയിൽ പ്രിയം വെച്ച ഏവർക്കും കൂടെ" (2 തിമൊഥെയൊസ് 4:7-8).

## സത്യത്തിന്റെ വില

**ജോണി രാംസെ**

സത്യം സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനം എന്തെന്നു അറിയുന്നതിനു മുൻപ് സത്യം എന്താണെന്നു അറിയേണ്ടിയിരിക്കുന്നു. അനേകം ആളുകൾ വിചാരിച്ചിരിക്കുന്നത് ഉള്ളതു ഉള്ളതുപോലെ പറയുന്നതു മാത്രമാണു സത്യം എന്നാണ്. പക്ഷെ അതോടൊപ്പം തന്നെ ദൈവത്തിന്റെ വചനമാണ് സത്യം എന്നു നാം തിരിച്ചറിയണം. ദൈവത്തിൽ നിന്നു വരുന്ന പ്രസ്താവനയായാലും കല്പനയായാലും അതു ശരിയായിരിക്കും. എന്നാൽ മനുഷ്യരിൽ നിന്നാണെങ്കിൽ അതു ഭോഷ്ക്ക് ആയിരിക്കാം. അല്ലെങ്കിൽ സത്യം ആയിരിക്കും. ദൈവം സത്യവാൻ എന്നും സകല മനുഷ്യരും ഭോഷ്ക്ക് പറയുന്നവരും എന്നേ വരൂ. ദൈവത്തിന്റെ അരുളപ്പാടുകൾ മാത്രമാണ് ഈ ലോകത്തിൽ സത്യമായിട്ടുള്ളത്. അതു തെളിയിക്കപ്പെട്ടതും സ്ഥിരീകരിക്കപ്പെട്ടതുമാണ്. ദൈവഹിതം തന്റെ വചനങ്ങളിൽ വെളിപ്പെടുത്തിയിട്ടുണ്ട്. വേറൊരു രീതിയിൽ പറഞ്ഞാൽ മനുഷ്യ സ്വഭാവത്തിൽ നിന്നു വ്യത്യസ്തമായ ഒരു

സ്വഭാവമാണ് ദൈവത്തിൽ നാം ദർശിക്കുന്നത്. വിശ്വസനീയമായ ഒന്നാണ് സത്യം. അത് ആരും നിഷേധിക്കയില്ല എന്നെനിക്കറിയാം.

യേശുക്രിസ്തുവിന്റെ ഉപദേശത്തിൽ എല്ലാം സത്യത്തിന്റെ വില ലോകത്തിനു ബോധ്യപ്പെടുത്തുന്നുണ്ട്. സത്യം അറിയാതിരുന്ന ദൈവ ജനമായിരുന്ന യെഹൂദന്മാരോട് യേശുക്രിസ്തു പറഞ്ഞു: സത്യം നിങ്ങൾ അറിയും സത്യം നിങ്ങളെ സ്വതന്ത്രരാക്കും എന്ന് (യോഹന്നാൻ 8:32). സത്യത്തെ സ്നേഹിച്ചു കൈക്കൊള്ളാതിരിക്കുന്നവർക്കു അനുഭവിക്കേണ്ടി വരുന്ന പ്രശ്നങ്ങൾ അസംഖ്യമാണ്. അപ്പൊസ്തലനായ പൗലൊസ് പറയുന്നതു: അധർമ്മ മൂർത്തിയുടെ പ്രത്യക്ഷത നശിച്ചു പോകുന്നവർക്കു സാത്താന്റെ വ്യാപാര ശക്തിക്കു ഒത്തവണ്ണം വ്യാജമായ സകല ശക്തിയോടും അടയാളങ്ങളോടും അത്ഭുതങ്ങളോടും അനീതിയുടെ സകല വഞ്ചനയോടും കൂടെ ആയിരിക്കും; അവർ രക്ഷിക്കപ്പെടുവാന്തക്കവണ്ണം സത്യത്തെ സ്നേഹിച്ചു കൈക്കൊള്ളായ്കയാൽ തന്നേ അങ്ങനെ ഭവിക്കും. സത്യത്തെ വിശ്വസിക്കാതെ അനീതിയിൽ രസിക്കുന്ന ഏവർക്കും ന്യായവിധി വരേണ്ടതിനു ദൈവം അവർക്കു ഭോഷ്ക്കു വിശ്വസിക്കുമാറ് വ്യാജത്തിന്റെ വ്യാപാര ശക്തി അയക്കുന്നു (2 തെസ്സലൊനിക്യർ 2:9–12) എന്നത്രെ. ദൈവത്തിന്റെ വചനം ആണ് സത്യമെന്നും ആ സത്യം മനുഷ്യ ഹൃദയങ്ങളെ ശുദ്ധീകരിപ്പാൻ മതിയായതാണെന്നും കർത്താവ് വ്യക്തമാക്കിയിട്ടുണ്ട് (യോഹന്നാൻ 17:17).

## സത്യം ഒരിക്കലും മരിക്കുന്നില്ല

എത്രകാലം കഴിഞ്ഞാലും സത്യം ഒരിക്കലും ഇല്ലാതാകുന്നില്ല. എത്രനാൾ അടക്കി വെക്കാൻ ശ്രമിച്ചാലും അതു പുറത്തു വരും. നമുക്കു മുൻപ് സംഭവിച്ച പല കാര്യങ്ങളുടേയും നിജസ്ഥിതി ഇപ്പോൾ പുറത്തു വന്നുകൊണ്ടിരിക്കയാണല്ലോ. സത്യം എന്നും സത്യം തന്നെയാണ്. സത്യത്തെ അനീതികൊണ്ടു തടുക്കുന്നവർ ഉണ്ടാകാം. പക്ഷെ അധികം നാൾ അതു ചെയ്യാൻ സാദ്ധ്യമല്ല. ദൈവത്തിന്റെ യഥാർത്ഥ സത്യത്തെ ഇന്നത്തെ മതപരമായ ലോകം മറെച്ചു വച്ചിരിക്കയാണ്. സത്യാന്വേഷണങ്ങൾ

ബൈബിൾ സത്യങ്ങൾ തിരിച്ചറിഞ്ഞുകൊണ്ടിരിക്കുന്നു. സത്യദാഹികളായ വിശ്വാസികൾ വർദ്ധിച്ചു വരിക തന്നെ ചെയ്യും. അതല്ലാതെ മറ്റൊരു രക്ഷയും മനുഷ്യർക്ക് ഇല്ല. സത്യം എത്ര മൗനമായി കണ്ടാലും തക്ക സമയത്ത് ശക്തിയോടെ പുറത്തു വരും. നമുക്ക് ഓരോരുത്തർക്കും നമ്മുടെ കാലയളവിൽ തന്നെ അനുഭവപ്പെടുന്നുണ്ട്. എത്ര വലിയ നശീകരണ സംഭവങ്ങൾ നേരിട്ടാലും സത്യത്തെ നശിപ്പിക്കാൻ സാദ്ധ്യമല്ല. ദൈവ നിശ്ചയത്തെ മാറ്റുവാൻ പറ്റിയ ശക്തി മറ്റൊന്നില്ല. അമാനുഷികമായ ശക്തി അടങ്ങുന്നതാണ് ദൈവിക സത്യം. മനുഷ്യനിലെ ഭാഗങ്ങളെ ഓരോന്നായി വേർപെടുത്തുന്ന ശക്തിയാണ് ദൈവ വചനത്തിലുള്ളത് (എബ്രായർ 4:12). ചിന്തകളെയും ജീവിതത്തെ തന്നേയും മാറ്റുവാൻ കഴിയുന്ന സത്യത്തെ വില കുറച്ചു കാണാൻ ആർക്കു കഴിയും? ഒരു കെട്ടിടം നിലനില്ക്കണമെങ്കിൽ അടിസ്ഥാനം ഉറപ്പുള്ളതായിരിക്കണം എന്ന് നമുക്ക് അറിയാം. ജീവിതം ഉറപ്പുള്ളതാകണമെങ്കിൽ സത്യം ആ വ്യക്തിയിൽ ഉണ്ടാകണം.

സത്യത്തെ അവജ്ഞയോടെ കാണുന്നവരെയും സത്യത്തിനു വേണ്ടി മരിക്കാൻ തയ്യാറാവുന്നവരെയും ബൈബിൾ ചൂണ്ടിക്കാണിക്കുന്നുണ്ട്. സത്യത്തെ നിഷേധിക്കുന്നവരും സത്യത്തെ മുറുകെ പിടിക്കുന്നവരും ആയിട്ട് ഇവരെ തരം തിരിക്കാം. ദുഷ്ട രാജാവായിരുന്ന യെഹോയാക്കിം ദൈവ വചനത്തെ വെറുക്കുന്നവനും ദൈവത്തിന്റെ അരുളപ്പാടുകളെ നശിപ്പിക്കാൻ ശ്രമിച്ചതിനും നല്ലൊരു ഉദാഹരണമാണ് (യിരെമ്യാവ് 36). ധീരനായ പ്രവാചകനായിരുന്നു ഏലിയാവ്. എന്നാൽ സത്യ ദൈവ ഭക്തിക്കു വേണ്ടി ചെറുത്തു നിന്നതുകൊണ്ടു കുണ്ടറയിൽ അടയ്ക്കപ്പെട്ടു. സത്യം മണ്ണിനടിയിൽ കുഴിച്ചിട്ടാൽ പോലും ഉയിർക്കപ്പെടും. ദുഷ്ട മനുഷ്യർ ദൈവ പദ്ധതിയുടെ വിജയത്തിൽ അസൂയ പൂണ്ടു രക്ഷിതാവിനെ ക്രൂശിൽ തറെച്ചു കൊല്ലുവാൻ ഏല്പിച്ചുകൊടുത്തു (മർക്കൊസ് 15:10). സത്യത്തെ കൈക്കൊള്ളുവാൻ ഭൂരിഭാഗം പേർക്കും കഴിഞ്ഞില്ല. യേശു ആരായിരുന്നു എന്ന സത്യം അവന്റെ ഉയിർത്തെഴുന്നേല്പിലൂടെ വീണ്ടും തെളിയിച്ചു. നിരവധി പേർ വിശ്വസിക്കുവാനും ഇടയായി.

സാത്താന്റെ പ്രചരണ, വഞ്ചനയോടും കൗശലത്തോടും കൂടെ ആളുകളെ ആകർഷിക്കുന്നതാണ്. പക്ഷെ ദൈവത്തോടു

പോരാടുന്നതിന്റെ പരിണിത ഫലം എന്തെന്നു ആളുകൾ ചിന്തിക്കുന്നില്ല (2 ദിനവൃത്താന്തം 13:12). സത്യം അവകാശപ്പെടുന്ന ഒന്നാണ്. അതുകൊണ്ടു ബലഹീനരായ ആളുകൾ ഭോഷ്ക്കിൽ അഭയം തേടുന്നു (യെശയ്യാവ് 28:15). മനസിനോടും ആത്മാവിനോടും പോരാടുന്ന അവസ്ഥയിൽ തന്നെയാണ് ഇന്നും മനുഷ്യർ. പക്ഷെ നമ്മെ നരകത്തിലേക്കു നയിക്കുന്ന വിശാലമായ വഴിയാണോ നാം തിരഞ്ഞെടുക്കേണ്ടത്? അതോ സത്യത്തിനും നീതിക്കും വേണ്ടി പോരാടുവാനുള്ള ധൈര്യം സംഭരിക്കുമോ? (മത്തായി 7:12; ആമോസ് 5:15). അതതിന്റെ യഥാർത്ഥ വില നാം മനസിലാക്കിയില്ലെങ്കിൽ സംഗതി കുഴപ്പമാകും. ശരിയായ പരിവർത്തനം സംഭവിക്കാത്തവർക്കു ലോകത്തെ അതിജീവിക്കാൻ പ്രയാസമാണ്: മനുഷ്യരുടെ മാനത്തേക്കാൾ സത്യത്തെ നാം പ്രിയപ്പെടുന്നുവെങ്കിൽ നമുക്ക് ഇവിടെയും ജയിക്കാം ന്യായവിധി നാളിലും പരാജയം ഒഴിവാക്കാം. സത്യത്തിന്റെ സത്തയായ യേശുക്രിസ്തുവിന്റെ സൗജന്യ രക്ഷാ പദ്ധതിയെയും സത്യവഴിയെയും നാം സ്വീകരിച്ചില്ലെങ്കിൽ നമ്മിൽ സത്യം ഇല്ല എന്നർത്ഥം (യോഹന്നാൻ 14:6). രക്ഷിപ്പാൻ കഴിവുള്ള കർത്താവിന്റെ ഉപദേശമാകുന്ന സത്യത്തെ വിശ്വസിച്ച് മരണ പര്യന്തം അനുസരിച്ച് ജീവിക്കുക. നിത്യജീവൻ എന്ന പ്രതിഫലം സുനിശ്ചിതമാണ്.

സത്യത്തെ നാം വില്ക്കുകയില്ല, വാങ്ങുകയാണ് ചെയ്യേണ്ടത്. ഈ ലോകത്തുള്ള യാതൊന്നും സത്യത്തിന്റെ മുൻപിൽ ഒന്നുമല്ല. വിലയില്ലാത്ത വസ്തുക്കൾക്കായി മനുഷ്യർ വിലയുള്ള സത്യത്തെ ത്യജിക്കുകയാണ്.

ഇന്ന് ചില മൂപ്പന്മാരും ഉപദേഷ്ടാക്കന്മാരും സത്യത്തിനു വിട്ടു വീഴ്ച്ച ചെയ്തു നാമധേയ വിഭാഗങ്ങൾക്കു കീഴ്പ്പെട്ടു മുട്ടു മടക്കുന്നതായി നാം കാണുന്നു. വിശ്വസിച്ചാലും ഇല്ലെങ്കിലും ചിലർ ആ വഴിക്കു പൊയ്ക്കൊണ്ടിരിക്കുന്നു എന്നു പറയാതെ വയ്യ. എല്ലാ കുഴപ്പങ്ങൾക്കും കാരണം ഏലിയാവാണെന്നു കുറ്റപ്പെടുത്തു കയായിരുന്നു അഹങ്കാരിയായ അഹാബ്. എന്നാൽ ഏലിയാവ് അതിനു മറുപടി അതേ രീതിയിൽ തന്നെ നൽകുന്നുണ്ട്. അതിനു അവൻ പറഞ്ഞതു: യിസ്രായേലിനെ കഷ്ടപ്പെടുത്തുന്നത് ഞാനല്ല, നീയും നിന്റെ പിതൃഗൃഹവും അത്രെ.

## ജസ്റ്റിസ് ചൗധരി ഇന്നു മുതൽ വീണ്ടും ഓഫീസിൽ

സസ്പെൻഷൻ നീങ്ങി തിരിച്ചെത്തുന്ന പാക്ക് സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ഇഫ്തികർ മുഹമ്മദ് ചൗധരി ഇന്നു മുതൽ ഓഫീസിൽ ഹാജരാകും. പ്രസിഡന്റ് പർവേസ് മുഷറഫിന്റെ സസ്പെൻഷൻ ഉത്തരവു സുപ്രീം ജുഡീഷ്യൽ കൗൺസിൽ റദ്ദാക്കിയപ്പോൾ തന്നെ ചൗധരി ചുമതലയേറ്റെങ്കിലും ഓഫീസിൽ ഹാജരായിരുന്നില്ല. സസ്പെൻഡ് ചെയ്തപ്പോൾ പിൻവലിച്ച ഔദ്യോഗിക വാഹനത്തിലാകും ചൗധരി ഇന്നു കോടതിയിലെത്തുക. രാജ്യത്തെ അഭിഭാഷകർ ഇന്നു വിജയദിനമായി ആഘോഷിക്കുന്നുണ്ടെങ്കിലും ചൗധരി ഇതുവരെ ഔദ്യോഗികമായി പ്രതികരിച്ചിട്ടില്ല.

## ഹൈക്കോടതി ബെഞ്ച് സംബന്ധിച്ച് ഫയൽ ചീഫ് ജസ്റ്റിസ് മുൻപാകെ എത്തിച്ചതായി മന്ത്രി വിജയകുമാർ

രാജ്യാന്തര തലത്തിൽ തന്നെ അപൂർവമായുള്ള, ഗ്ലാസ് ടെർമിനൽ അടക്കമുള്ള തിരുവനന്തപുരം വിമാനത്താവള വികസനം അടുത്ത കൊല്ലം ഓഗസ്റ്റിൽ പൂർത്തിയാകുമെന്നു നിയമമന്ത്രി എം. വിജയകുമാർ. ഫ്രാറ്റിന്റെ അർധവാർഷിക സമ്മേളനം കേരള ഹിന്ദി പ്രചാരസഭ ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

## അദാലത്ത് അജ്ഞാതന് തുണയായി

പഞ്ചായത്തിന്റെ സഹകരണത്തോടെ ലീഗൽ സർവീസസ് അതോറിറ്റി നടത്തിയ ലോക് അദാലത്ത്, ബുദ്ധിവൈകല്യമുള്ള നിർധനനും നിരാലംബനുമായ അജ്ഞാതനു തുണയായി.

വട്ടിയൂർക്കാവ് പഞ്ചായത്തിലെ മുക്കോല വാർഡിൽ യമുനാ നഗറിനു സമീപം 20 വർഷമായി നാട്ടുകാരുടെ

സംരക്ഷണയിൽ കഴിയുന്ന തമ്പിയെന്നും മുരുകനെന്നും അറിയപ്പെടുന്ന ആളിനാണ് ഹൈക്കോടതി ജഡ്ജിയും ജില്ലാ ജഡ്ജിമാരും പങ്കെടുത്ത ലോക് അദാലത്ത് രക്ഷയായത്.

## കോടതികൾ ഗ്രാമങ്ങളിലേക്ക് ഇറങ്ങിവന്ന് അദാലത്തുകൾ നടത്തണം.

കോടതികൾ ഗ്രാമങ്ങളിലേക്ക് ഇറങ്ങിവന്നു 'ഗ്രാമന്യായാലയ' മാതൃകയിൽ കേസുകൾ തീർപ്പാക്കുന്നതിനു ലീഗൽ സർവീസ് അതോറിറ്റി അദാലത്തുകൾ സംഘടിപ്പിക്കണമെന്നു മന്ത്രി എം. വിജയകുമാർ നിർദ്ദേശിച്ചു. ജില്ലാ ലീഗൽ സർവീസ് അതോറിറ്റി, വട്ടിയൂർക്കാവ് പഞ്ചായത്ത് എന്നിവയുടെ നേതൃത്വത്തിൽ വാഴോട്ടുകോണത്തു നടന്ന 'ലോക് അദാലത്ത്' ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

## മൃഗശാല നാളെ തുറക്കുന്നു; സന്ദർശകരുടെ കാൽ അണുനാശിനിയിൽ കഴുകും

കുളമ്പുരോഗംവന്നു മൃഗങ്ങൾ ചത്തൊടുങ്ങിയതിനെ തുടർന്ന് അടച്ചിട്ട തിരുവനന്തപുരം മൃഗശാല നാളെ തുറക്കും. ചില നിബന്ധനകളോടെയാണു സന്ദർശകരെ അകത്തേക്കു കടത്തുക. സന്ദർശകരെ അണുവിമുക്തമാക്കാൻ പൊട്ടാസ്യം പെർമാംഗനേറ്റ് ലായനിയിൽ കാൽ കഴുകിക്കും. വാഹനങ്ങൾക്കു പ്രവേശനമുണ്ടാകില്ല. അസുഖംവന്ന മൃഗങ്ങളെ കാണാനും അനുവദിക്കില്ല.

## വിമുക്തഭടനെ അക്രമികൾ മർദ്ദിച്ചവശനാക്കി

മാരാകായുധങ്ങളുമായി ഓട്ടോയിലെത്തിയ അക്രമിസംഘം വിമുക്തഭടനെ മർദിച്ചവശനാക്കി.

ആക്രമണത്തിൽ പരുക്കേറ്റ ചാങ്ങയിൽക്കോണം കൃഷ്ണഗിരിയിൽ ബി. ഉണ്ണികൃഷ്ണൻനായർ കടയ്ക്കൽ ഗവ. ആശുപത്രിയിൽ

ചികിൽസയിലാണ്. തങ്കക്കല്ല് വട്ടക്കൈതയിൽ ശനിയാഴ്ച രാത്രി 10 മണിക്കാണ് ഓട്ടോയിലെത്തിയ അക്രമിസംഘം ഉണ്ണികൃഷ്ണൻനായരെ ആക്രമിച്ചത്. മോട്ടോർസൈക്കിളിൽ വീട്ടിലേക്കു പോകുമ്പോഴായിരുന്നു ആക്രമണം. മോട്ടോർസൈക്കിൾ അക്രമി സംഘം അടിച്ചു തകർത്തു സൈക്കിൾ ചെയിൻ, വാൾ, വെട്ടുകത്തി, കുറുവടി തുടങ്ങിയ മാരകായുധങ്ങളുമായാണു സംഘം ആക്രമണം നടത്തിയത്. ആക്രമണം നടന്ന ഉടനെ പൊലീസുകാർ പരാതി വാങ്ങുവാൻ തയാറായില്ലെന്ന് ആക്ഷേപമുണ്ട്.

✶

## ഇന്ത്യ-ചൈന യുദ്ധം പഴങ്കഥ; ഇനി ഒന്നിച്ച് സൈനികാഭ്യാസം

ഇന്ത്യയും ചൈനയും സെപ്റ്റംബറിൽ സംയുക്ത സൈനികാഭ്യാസം നടത്തുമെന്ന് പ്രതിരോധമന്ത്രി എ. കെ. ആന്റണി അറിയിച്ചു.

1962 ൽ പരസ്പരം യുദ്ധം ചെയ്ത ഈ അയൽ രാജ്യങ്ങൾ ചരിത്രത്തിൽ ആദ്യമായാണ് സംയുക്ത സൈനികാഭ്യാസത്തിലേർപ്പെടുന്നത്.

✶

## റോഡ് നന്നാക്കാൻ ധർണ നടത്തി

നിശ്ചിത കാലാവധിക്കു മുൻപ് ഡ്രെയിനേജ് ലൈൻ സ്ഥാപിച്ചു പൊതുമരാമത്തിനു കൈമാറിയ വട്ടിയൂർക്കാവ്-മരുതൻ കുഴി റോഡ് റീട്ടാർ ചെയ്തു ഗതാഗത യോഗ്യമാക്കുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെ നടപടി വേണമെന്നാവശ്യപ്പെട്ടു തിരുമല മണ്ഡലം കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ മരുതംകുഴിയിൽ ധർണനടത്തി. ഡിസിസി പ്രസിഡന്റ് വി. എസ്. ശിവകുമാർ ഉദ്ഘാടനം ചെയ്തു.

✶

## പാർക്കിൻസൺസ് ഡിസീസ്: നിർണായക കണ്ടെത്തലുമായി മലയാളി ഗവേഷകൻ

പാർക്കിൻ സൺസ് ഡിസീസ് (വിറവാതം) ചികിൽസയിൽ നിർണ്ണായക വഴിത്തിരിവാകുന്ന കണ്ടെത്തലുമായി മലയാളി ഗവേഷകൻ. കാലിഫോർണിയ സർവകലാശാലയിലെ ശാസ്ത്രജ്ഞനായ ഡോ. തോമസ്. സി. താന്നിക്കൽ അവിടെത്തന്നെയുള്ള പ്രഫ. ജെറി സീജൽ, യുവാൻ യാങ് ലായ് എന്നിവരുമായി ചേർന്നു നടത്തിയ ഗവേഷണത്തിന്റെ ഫലങ്ങൾ 'ബ്രെയ്ൻ' എന്ന രാജ്യാന്തര ഗവേഷണ പ്രസിദ്ധീകരണത്തിലാണു വെളിപ്പെടുത്തിയത്.

✱

## ക്രൈസ്തവരെയും മുസ്ലീംകളെയും ന്യൂനപക്ഷം അല്ലാതാക്കാൻ ശ്രമം.

ക്രൈസ്തവരും മുസ്ലിംകളും ന്യൂനപക്ഷമല്ലെന്നു വരുത്തിതീർക്കാനാണു ശ്രമം നടക്കുന്നതെന്നും മൗലികാവകാശങ്ങൾ സംരക്ഷിക്കുന്നതിൽ പ്രതിസന്ധികളുണ്ടായാൽ നേരിടണമെന്നും മാർ പൗവത്തിൽ. കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ നടത്തിയ ന്യൂനപക്ഷ അവകാശ പ്രഖ്യാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✱

## വെളിച്ചമണഞ്ഞു.

പുറത്തു മഴ പൊടിഞ്ഞു, ശാന്തമ്മയുടെ കണ്ണിൽ നനവും. അസ്ഥികളെ നുറുക്കി പകർച്ചപ്പനിയുടെ വേദന, നെഞ്ചകം തകർത്തു മകളുടെ മരണം, ജീവിതം ദുസ്സഹമാക്കി മഴ, കൂനിക്കൂടിയിരുന്ന് അവർ പറഞ്ഞു 'മൂന്നു ദിവസമായി അടുപ്പു പുകഞ്ഞിട്ട്'.

✱

## HEAR THE VOICE OF TRUTH ON RADIO
# SRILANKA

| | |
|---|---|
| **Hindi** | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| **Malayalam** | Friday 3.45-4.00 P.M. Speaker: P.K. Varghese, **Church of christ** Thmpuranmukku, Trivandrum-35 |
| **Tamil** | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M. Speaker: P.R. Swamy, Box 8405 Bangalore-560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Posted at R.M.S Tvm on 23/24 September**

Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/06-08

Licensed to post without prepayment No. Tech/62-2 TV(N) 40/2007

*Join us to worship God in Spirit and Truth*

*The*

# CHURCH OF CHRIST

Meets at T.C. 27/225

Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**

**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378

To